
# വികടകേസരി

രാഷ്ട്രീയ വിനോദമാസിക




വരിസംഖ്യ [illegible] മുൻകൂർ] കരിമലകയററം കഠിനമെന്റ അയ്യപ്പോ [ഒററപ്രതി 3 ണ.

WHEN YOU HAVE TO BUY OR SELL ANYTHING IN JEWELLERY.

*PLEASE CONSULT*

# T. S. S. MANI & CO.,

**JEWELLERS AND DEALERS IN PRECIOUS STONES**

MAIN ROAD, TRIVANDRUM. Phone No 611



*Our Speciality:*

Reliable and Fashionable Ornaments and Silverwares Made to suit everyone's TASTE and PURSE

**A TRIAL WILL CONVINCE**

# മൂന്നു വർഷത്തിനകം

## മെട്രിക്കുലേഷൻ ജയിക്കാം

ആദ്യമായി ഇംഗ്ലീഷ് അക്ഷരമാല തുടങ്ങി നാലാംഫാറത്തിനു തുല്യമായ ഇംഗ്ലീഷ് പരിജ്ഞാനം സമ്പാദിക്കുന്നതിന് ഒരുകൊല്ലം

രണ്ടാമതായി ഇംഗ്ലീഷും, മെട്രിക്കുലേഷൻ പരീക്ഷയ്ക്കു പഠിക്കേണ്ട വിഷയങ്ങളുടെ പ്രാഥമികപാഠങ്ങളും പൂർത്തിയാക്കുന്നതിന് ഒരുകൊല്ലം.

മൂന്നാമതായി മദ്രാസ് മെട്രിക്കുലേഷൻ പരീക്ഷയ്ക്കാവശ്യമുള്ള വിഷയങ്ങളെ പഠിക്കുന്നതിന് ഒരുകൊല്ലം.

ഇപ്രകാരം ഇന്നു ഇംഗ്ലീഷ് അക്ഷരമാലപോലും വശമില്ലാത്ത ഒരാൾക്കു മൂന്നു വർഷത്തിനകം മദ്രാസ് മെട്രിക്കുലേഷൻ ജയിക്കാം. പിന്നീട് ഇൻറർമീഡിയററ്, ബി. ഏ. മുതലായ ഉന്നതപരീക്ഷകളും അപേക്ഷകർ ഏതു ക്ലാസ്സുവരെ പഠിച്ചിട്ടുണ്ടെന്നു കാണിച്ച് കൂടുതൽ വിവരത്തിന് രണ്ടണ സ്റ്റാമ്പു സഹിതം അപേക്ഷിക്കുക.

മാനേജർ **കേംബ്രിഡ്ജ് കാളേജ്**

കൈതമുക്കു, (V. K.) തിരുവനന്തപുരം.

N. B. E. S. L. C. ജയിച്ച കാളേജ് വിദ്യാഭ്യാസത്തിനു സൌകര്യം ലഭിച്ചിട്ടില്ലാത്തവർക്കു പ്രൈവററായി Intermediate ജയിക്കാം. പൂർണ്ണവിവരത്തിനു 4-ണ സ്റ്റാമ്പുസഹിതം അപേക്ഷിക്കുക.

# VIKATAKESARI

വാല്യം 1 | ആററിങ്ങൽ ജൂലായ്, കർക്കടകം 1950 | ലക്കം 9


## കേസരിവീക്ഷണം

### ഭീരുത്വം !!!

പരിപാവനമായ ശബരിഗിരീശക്ഷേത്രം മതഭ്രാന്തന്മാരുടെ ദേശീയത്വം നിമിത്തം വെന്തു വെണ്ണീറായി. അന്ധവിശ്വാസികളും അവിശ്വാസികളും അന്തഃക്കരണം ഇടിച്ചുകൊണ്ടു ആശ്വസിച്ചു. ആർക്കും ഉപദ്രവംകൂടാതെ അന്തരീക്ഷത്തിൽനിന്നും മണ്ഡലത്തിൽനിന്നു കൃസ്ത്യൻ കോൺഗ്രസ്സിൽനിന്നും പനമ്പിള്ളിസക്കാരിൽനിന്നും ദേശീയത്തിൽനിന്നും രാഷ്ട്രീയത്തിൽനിന്നും ഗാന്ധിസത്തിൽനിന്നും ബുദ്ധിസത്തിൽനിന്നും സ്റ്റീം റോളറിൽനിന്നും ആർ എസ്സ് എസ്സിൽനിന്നും ഡെമോക്രാസികളിൽനിന്നും കമ്മ്യൂണിസ സോഷ്യലിസ പോക്രിസങ്ങളിൽനിന്നും അതിദൂരം അകന്നുമാറി, ആർക്കും ആവശ്യമല്ലാത്ത വൻകാട്ടിന്റെ നടുവിൽ ആരേയും വിറപ്പിക്കുന്ന വന്യമൃഗങ്ങളുടെ ഇടയിൽ സ്ഥിതിചെയ്തിരുന്ന ഒരു ചെറിയ ക്ഷേത്രത്തെ തീവച്ചു നശിപ്പിച്ചതിൽ തീവയ്പുകാരും അവരുടെ പ്രേരണക്കാരും പിൻബലക്കാരും തൃപ്തരായിട്ടുണ്ടെങ്കിലും അവരുടെ പ്രവൃത്തി കേവലം ഹീനമായ ഭീരുത്വത്തിൽനിന്നും രൂപമെടുത്തതാണെന്നു പറയാതെ തരമില്ല. ഇരുട്ടത്തു അടിയും പുറകിൽ കുത്തുംപോലെ ലജ്ജാകരമായ ഭീരുത്വമാണ് ഈ തീവയ്പിനു പ്രേരണയും പ്രചോദനവും നൽകീയിട്ടുള്ളതു്. നേരിട്ടുനിന്നു പ്രവർത്തിക്കട്ടെ. ജനവാസമുള്ള സ്ഥലങ്ങളിലെ ക്ഷേത്രങ്ങളെ നശിപ്പിക്കട്ടെ. അങ്ങിനെ ഇത്തരക്കാരുടെ മിടുക്കു കാണിക്കട്ടെ. അതിൽ അഭിമാനമുണ്ട്. ആരും അന്വേഷിക്കാനില്ലാത്ത ഒരു കൊച്ചു കോവിലിനെ, അതും മഹാരാജ്യത്തിന്റെ മധ്യത്തിൽ മഴക്കാലവേളയിൽ മനഃപൂർവ്വം ശ്രമിച്ചു നശിപ്പിച്ചതു് പരിതാപകരമായ ഭീരുത്വമാണ്. ഗാന്ധിജിയെ വധിച്ചതിനും വൻപിച്ച ഭീരുത്വം.

കോവിലുകളും പള്ളികളും ആരുടെ വിശ്വാസത്തേയും ഒരിക്കലും ഉപദ്രവിച്ചിട്ടില്ല. ആരേയും അന്ധവിശ്വാസികളാക്കിയിട്ടില്ല. ശ്രീ. സി. കേശവൻ പറഞ്ഞാലും ഒരു ക്ഷേത്രം നശിച്ചെന്നു വിചാരിച്ചു അത്രയും അന്ധവിശ്വാസം കുറയാനും പോകുന്നില്ല. അവിവേകത്തിന്റെ ആഹ്വാനങ്ങൾ മതഭ്രാന്തന്മാരുടെ മസ്തിഷ്കങ്ങളിൽ തുരന്നുകയറുമ്പോൾ പ്രതിദ്ധ്വനിക്കുന്ന നഗ്നമായ ഭീരുത്വത്തിന്റെ പേത്തുള്ളലുകളാണു ക്ഷേത്രം തീവയ്പും, അതിന്റെ പിന്നിലൊളിച്ച സംഘടിതശ്രമവും അതിനെ തുടർന്നുള്ള അധികൃതാന്വേഷണങ്ങളും ചെപ്പ്പാടുകളും അവസാനം ശ്മശാനഭൂവിലെ പ്രശാന്തതയും.

ഭീരുത്വത്തിൽ പൊടിച്ചുയർന്ന തീവയ്പ് അന്വേഷിച്ചിട്ടെന്തായി. ആരേയും ഇതുവരെ കിട്ടിയില്ലെന്നോ. വൻപു പറഞ്ഞുകൊണ്ടു തൃപ്തിയായെന്നോ, കോൺഗ്രസ്സു പ്രകടനപത്രികയിലെ കടലാസ്സു വാഗ്ദാനങ്ങളെപ്പോലെ തന്നെയാണോ കള്ളനെ കണ്ടുപിടിക്കലും. അതോ കുററക്കാരെ വെളിച്ചത്തു കൊണ്ടുവന്നാൽ പററിപ്പിടിപ്പിച്ചിരിക്കുന്ന അധികാരസ്ഥാനങ്ങൾ പൊയ്പ്പോകുമെന്നു ഭയക്കുന്നതുകൊണ്ടോ. എന്താണ് ഈ അമാന്തത്തിനു കാരണം?

ടി. കെ. സാറും പനമ്പിള്ളിയാനും ശബരിമലക്കുന്നു കയറി ഇറങ്ങി. ഉണ്ണിത്താൻ സർപ്പത്തിനെ തടവി. മന്ദവും ശങ്കറും പ്രസ്താവന പുറപ്പെടുവിച്ചു. ഐ. ജി. അഞ്ചുദിവസത്തെ അവധി ചോദിച്ചു. പലരും ദുഃഖമാചരിച്ചു. സേവാസംഘക്കാർ ഘോഷയാത്ര നടത്തി. പക്ഷേ അക്രമികളെ ആരും കണ്ടുപിടിച്ചില്ല. ദയനീയമായ പരാജയംതന്നെ സംശയമില്ല.

ആലപ്പുഴകൊട്ടാരത്തിൽ അവിശ്വാസികൾകൂടി പ്രമേയം വായിച്ചു വലിച്ചുകീറി. തിരുവാഴിത്താൻ

കേശവൻ പറഞ്ഞു പറഞ്ഞുതന്നെ എന്നലറി. കേട്ടുനിന്നവർ കൈകൊട്ടിച്ചിരിച്ചു. എന്നിട്ടും സംഘടിതശ്രമക്കാരെ ആരും അന്വേഷിച്ചില്ല. അന്വേഷിക്കാൻ ഭീരുത്വം അനുവദിച്ചില്ല.

പല വലിയ കേസുകൾ നമ്മുടെ ജനകീയസർക്കാറിന്റെ സൗവർണ്ണകാലത്തുണ്ടായി. എല്ലാം തേഞ്ഞുമാഞ്ഞുപോയി. പിന്നെയാണ് ശബരിമലക്ഷേത്രം തീവച്ചു് അന്ധവിശ്വാസം നശിപ്പിച്ച കേസു കണ്ടുപിടിക്കാൻ പോകുന്നതു്! കണ്ടുപിടിച്ചാലും വെളിച്ചത്തു കൊണ്ടുവരാൻ പോകുന്നതു്! അഥവാ കൊണ്ടുവന്നാലും ശിക്ഷിക്കാൻ പോകുന്നതു്! നന്നായി ഇതു നേരമ്പോക്കൊന്നുമല്ല. ഭയം മനുഷ്യന്റെ കൂടപ്പിറപ്പാണല്ലോ. എന്നുമാത്രമേ ഞങ്ങൾക്കു പറയാനുള്ളൂ.

---

# സുകുമാരമർദ്ദനം

ഇതൊരുതരം പുതിയ കഥകളിയാണു്. കേൾവികേട്ട പലരും ഈ കഥകളിയിൽ അഭിനയിച്ചു. പത്രങ്ങൾ പ്രതിഷേധസ്വരങ്ങൾ പുറപ്പെടുവിച്ചു. ഞങ്ങൾക്കു ആദ്യമേ തന്നെ മനസ്സിലായി, ഇതു കേവലം നാട്യമാണെന്നു്. മേളത്തകപ്പിനൊത്തു കാലുവച്ചു ഗോഗ്വാ വിളിക്കുന്ന "ത്രിഗർത്തനാഥന്റെ ഭുജമഹത്വമറിയുവാൻ" ഒച്ചപ്പാടുണ്ടാക്കുന്ന കഥകളി ഭാഗവതരുടെ മുഖഭാവമാണു ചീഫ്മിനിസ്റ്ററിൽ പ്രസ്സുകാൺഫറൻസു വേളയിൽ പ്രകടമായതു്. ഞങ്ങൾക്കു അപ്പോൾതന്നെ മനസ്സിലായി, സുകുമാരമർദ്ദനം കഥകളി വളരെ വേഗം അവസാനിപ്പിക്കുമെന്നു്. പത്രമർദ്ദനം ഇനി ഒരിക്കലും ചെയ്യുകയില്ലെന്നു ഒടുവിൽ ടി. കെ-യെകൊണ്ടു സത്യം ചെയ്യിച്ചതിൽ പ്രസ്സ്അഡ്വൈസറി ബോർഡുകാരെ അഭിനന്ദിക്കുന്നു. പക്ഷേ ആ വാഗ്ദാനത്തിൽ തൽക്കാലം അടങ്ങിയിരിക്കുന്ന പരമരഹസ്യം പാതിരിപ്പത്രങ്ങളുടെ പരമാധികാരസ്വാതന്ത്ര്യത്തെ ചോദ്യം ചെയ്യാതിരിക്കുന്നതിനാണെന്നു എല്ലാപേർക്കും അറിയാം. അച്ചടക്കവും മർദ്ദനവും ഒരു സെറ്റുകാരെ മാത്രമേ ബാധിക്കുകയുള്ളൂ. ദേശീയത്തിന്റെ പോക്കു അതാണു്. നടക്കട്ടെ നാരായണാ! നടക്കട്ടെ ഗോവിന്ദാ!

---


**ബേബിസ്റ്റോർ,** ഉള്ളൂർ.

ഇവിടെ പലചരക്കു്, ഇരുമ്പുസാമാനങ്ങൾ, ശീമ ഉരങ്ങൾ, സ്റ്റേഷനറി, തേയില മുതലായ സാധനങ്ങൾ മൊത്തമായും ചില്ലറയായും വിൽക്കപ്പെടും. കച്ചവടക്കാർക്കു് പ്രത്യേകനിരക്കു്—

മാനേജർ.

കൂടുതൽ സമയം എരിയുന്ന
**സെൽവാ മെഴുകുതിരികൾ**
വാങ്ങുവിൻ.

**S. S. രാജാ & Co.**
ന്യൂ ബസ്സാർ, ആലപ്പുഴ.

സുഖകരമായ ചായയും കാപ്പിയും
വിഭവസമൃദ്ധമായ ഭക്ഷണം!!
**ആസാദ് ഹോട്ടൽ**
എവിടെ?
പഴവങ്ങാടി * തിരുവനന്തപുരം.

# മുൻമന്ത്രിമാർ

(സൈറൻ)

കണ്ണില്ലാത്തപ്പോഴെ കണ്ണിന്റെ വിലയറിയൂ എന്നു പറയുന്നതുപോലെ മന്ത്രിപ്പട്ടം പോകുമ്പോഴെ അതിന്റെ വിലയറിയൂ. മന്ത്രിപ്പട്ടം പോയ പട്ടം മന്ത്രി കാണിക്കുന്ന തുള്ളപ്പനിയുടെ ലക്ഷണങ്ങൾ നാം കണ്ടുകൊണ്ടിരിക്കയാണല്ലോ. അദ്ദേഹം കമ്യൂണിസ്റ്റ്കാരെ അറസ്റ്റു ചെയ്തതിൽ ക്ഷോഭിക്കുന്നു; മർദ്ദനത്തെ പ്രതിഷേധിക്കുന്നു, ഡമോക്രേററിക്ക് പാർട്ടി കരുപിടിക്കുന്നു ഐ. എസ്സ്. പി യിൽ ചേരുന്നു. ഹെന്തിന് ? ആകപ്പാടേ ബഹളം തന്നെ.

ഇതെല്ലാം എന്തിനു വേണ്ടിയാണെന്നോ? എങ്ങനെയെങ്കിലും ഒന്നു കൂടി മന്ത്രിയാവാൻ അല്ലാതെന്തിന്. കന്നിനേ കയം കാണിക്കുന്നപോലെയാണ് ഒരാളേ പിടിച്ച് മന്ത്രിയുടെ കസേരയിൽ ഇരുത്തുന്നതും. അയാൾ പിന്നെ അവിടുന്നു മാറുകയില്ല. അട്ടയേപ്പോലെ അവിടെ കടിച്ചുപററിക്കിടന്നു രക്തം കുടിക്കാൻ എന്തു സുഖമാണെന്നോ ? എന്തു സ്വാദാണെന്നോ ?

ഒരു മുൻ മന്ത്രി ശംഖുംമുഖം കടപ്പുറത്തു് ചടഞ്ഞിരുന്ന് ഒരു കപ്പലണ്ടിച്ചെറുക്കനുമായി വഴക്കടിക്കുന്നതു് ഞാൻ എന്റെ കണ്ണുകൊണ്ടു കണ്ടതാണ്. രാഷ്ട്രീയ പാർട്ടികളോടു് ധീരധീരം പൊരുതിയ ആ നേതൃസിംഹം ഇന്ന് കപ്പലണ്ടിച്ചെറുക്കനോടു് തന്റെ അടവുകളെല്ലാം പ്രയോഗിക്കയാണ്. രണ്ടു കപ്പലണ്ടികൂടി കൂടുതൽ കിട്ടാൻ. എന്തൊരധഃപതനം. ആ മന്ത്രിസത്തമൻ ഓരോ കപ്പലണ്ടി കൊറിക്കുമ്പോഴും ഒരു നൂറായിരം വീരകൃത്യങ്ങളേ അയവിറക്കുകയും ചെയ്യാതിരിക്കുമോ? മററൊരുമന്ത്രി മുണ്ടും മടക്കിക്കുത്തിക്കൊണ്ടു് മഴയും നനഞ്ഞു് ഈയിടെ പാളയം ചന്തയിൽ നിന്നു നെഹ്രുവിന്റെ പടമുള്ള ഒരു ദേശീയ സഞ്ചിയിൽ മലക്കറി വാങ്ങിക്കൊണ്ടു പോരുന്നതും അതേ ഞാൻ തന്നെയാണു കണ്ടതു്

പെൻഷൻ പററിയ ഉദ്യോഗസ്ഥന്മാരെ കാണുമ്പോൾ അവരുടെ വളിച്ച പരാക്രമങ്ങളും പുളിച്ച ബോറും കേൾക്കാൻ വയ്യാഞ്ഞു് നാം ഒളിച്ചു പോകാറുണ്ടല്ലോ. പ്രസ്തുത പെൻഷൻകാർ പോലും പ്രതാപം വർണ്ണിക്കുന്ന വിഷയത്തിൽ മുൻ മന്ത്രിമാരുടെ മൂന്നു പടി താഴയേ നില്ക്കുയുള്ളു. സ്റ്റേററ് കാറിൽ ഞെളിഞ്ഞിരിക്കുമ്പോൾ സ്വന്തം അച്ഛനേപ്പോലും കണ്ടില്ലെന്നു നടിക്കുന്ന മന്ത്രിപ്രവരൻ സ്ഥാനം നഷ്ടപ്പെട്ടുകഴിഞ്ഞാൽ പിന്നെ ഒരു പ്രാവശ്യം തലമുടി വെട്ടിയ ബാർബറെ കണ്ടാൽ പോലും ഒന്നു സംസാരിക്കാതെ വിടുകയില്ല.

വിഭവങ്ങൾ വിളമ്പിയിരിക്കുമ്പോൾ ഇല വിലയുള്ളതാണ്. അതെല്ലാം ഉണ്ടു കഴിഞ്ഞാലോ ? പിന്നെയാരും ഇലയെ പൂജിക്കയില്ല. അതു് കുപ്പക്കുഴിയിൽ ഉടനെ സ്ഥലം പിടിക്കും. ആ എച്ചിലില കൈകൊണ്ടുതൊടാൻ നമുക്കു സുഖം തോന്നുമോ ? അതുപോലുള്ള അറപ്പാണ് ഒരു മുൻമന്ത്രിയെകാണുമ്പോഴും നമുക്കുണ്ടാകുന്നതു്. എച്ചിലില കഴുകി അതിൽ ചോറുവിളമ്പാൻ ഭാവിക്കുന്നതിനു തുല്യമാണ് ഒരു മുൻമന്ത്രിയെപ്പിടിച്ച് വീണ്ടും മന്ത്രിയാക്കാൻ ശ്രമിക്കുന്നതും.

മന്ത്രിയായിരുന്നപ്പോൾ മലയാളം പത്രം വായിയ്ക്കാൻ അറച്ച യോഗ്യന്മാർ ഇപ്പോൾ ചക്കാത്തു വായനയ്ക്കായി അടുത്തുള്ള ഉണക്കക്കൊപ്പിക്കടയിൽ ദിവസവും വെളുപ്പിനേ ഹാജർ കൊടുക്കുന്ന കാഴ്ച രസകരമെന്നേ പറയേണ്ടു. വിഷപ്പല്ലു പറിഞ്ഞ പാമ്പിനേപ്പോലെ, ഭർത്താവ് മരിച്ച കൊച്ചമ്മയേപ്പോലെ, അംഗീകാരം പിൻവലിച്ച പാതിരിപ്പള്ളിക്കൂടംപോലെ, പടുകിഴവിയായിപ്പോയ വേശ്യയേപ്പോലെ ഒക്കെയാണ് അധികാരം നഷ്ടപ്പെട്ട മന്ത്രിയുടേയും അവസ്ഥ.

ടിക്കററില്ലാതെ ട്രയിനിൽ കയറുകയും, ട്രാൻസ്പോർട്ടുബസ്സിലെ ഉന്തും തള്ളും കൊള്ളുകയും, തറ ടിക്കററിനു സിനിമ കാണുകയും ക്ഷണിയ്ക്കാതെ സദ്യയ്ക്കുപോകയും മററും ചെയ്യാതെ എങ്ങനെയാണു മുൻമന്ത്രിമാർ ജീവിയ്ക്കുന്നതു്. അവർക്കു പെൻഷനില്ല, പ്രോവിഡൻറ

# ★ മന്നം—ടി. കെ. ★

## "കോലാഹലം"

(നാരി)

മന്നം:—ഇന്നത്തെമട്ടിലീകോൺഗ്രസ്സുകാരുടെ
കന്നത്തമൊന്നും ഫലിക്കില്ല നമ്മോട്,
ചെന്നുഞാൻ മാപ്പുപറയണംപോലുമീ-
'മന്ന'ത്തിനേയറിഞ്ഞിട്ടില്ല വിഡ്ഢികൾ-
ടി. കെ. ച്ചെറുക്കാ, പറവൂർക്കിടന്ന നീ
ഡീക്കടിച്ചുംകൊണ്ടും നമ്മോടടുക്കുകിൽ
മണ്ഡലത്താണെന്റെ മാധവിയാണെ ഞാൻ
മണ്ടപൊളിക്കുമതിനില്ല സംശയം!
പട്ടേലെടുക്കും മിരട്ടിൽക്കുടുങ്ങുന്നാ-
മട്ടുകാരല്ലെടോ മന്ദവും ശങ്കരും.
പട്ടേരിതൊട്ടു പറയൻവരെയൊരു-
മട്ടാക്കിമാററും മഹൽപ്രയത്നത്തിലെൻ-
വാലോ തലയോ ഹൃദയമോക്കുടെയും
ചാലേമുറിച്ചു സമർപ്പണം ചെയ്യുവാൻ
സന്നദ്ധനാണു സമുന്നദ്ധനാണിവൻ
പിന്നെന്തുനിങ്ങൾ? കൃമികീടസന്നിഭർ?
മാപ്പിരക്കേണമിനിന്നോടുനാട്ടുവന്നിനി
മാപ്പിളമാരുടെ വാലിൽക്കിടക്കാതെ,
മാമ്മനും തൊമ്മനും കൊട്ടുന്നതാളത്തി-
ലീമരപ്പാവക്കളികൾ തുടരാതെ............

ടി. കെ:—പഴഞ്ചോ! പോകെടാ, നിന്റെ
പഴഞ്ചൊക്കുംകൊണ്ടു വേഗം
കഴഞ്ചുംപേടിയില്ലാ, ഞാനൊരിഞ്ചും
വിട്ടിടില്ലൊന്നും
പെരുന്നയിൽകിടന്നു നീ തുറന്നാലും ഫലമില്ല
പരന്ന മൈതാനമെല്ലാം നടന്നാലും ഫലമില്ല.
തിരുവിതാംകൂറിന്റെ ഭാഗ്യവിധാതാവായ്
വിളങ്ങുന്ന
പുരുഷകേസരിഞാനെന്നറിഞ്ഞുകൊൾക
നീ 'മന്നാ.
രസമേറും മനോരമാ മുലപ്പാലിൻ രുചിയിന്നും
രസനയിലിരിക്കുന്നു മറക്കില്ലാ മരണാന്തം
വരുതിപനിവന്നെയന്നുലച്ചപ്പോഴഹോ! ടി. എം.
വറുഗീച്ചൻ സഹായിച്ചതൊരിക്കലും മറക്കില്ല.
ഇതിലൊക്കെയെന്റെയവൃണ്ടിളകിയാൽ—
പറയാം ഞാൻ
ഗതിയെന്തെന്നുതന്നെയനുഭവിച്ചറിഞ്ഞോളും.

ശങ്കർ:—'പപ്പു'ജ്യേഷ്ഠാ! വേഗമെണ്ണീക്കുക
ശപ്പന്മാരെയടിപ്പണിയിച്ചു വി-
കല്പമെഴാതൊരു മുപ്പതുനാൾക്കക-
മൊപ്പിക്കാം ഞാൻ ചൊല്പടിയാക്കാം,
മന്ത്രീശ്വരരായ് ഞെളിയുന്നോരേ,
തന്ത്രമിതൊക്കെ നിലയ്ക്കാറായീ,
പമ്പരവിഡ്ഢികളാകിയ നിങ്ങടെ
വമ്പുകളൊക്കെ നശിക്കാറായീ.

---

ഫണ്ടില്ല, ഇൻഷ്വറൻസ് ഏർപ്പാടില്ല, അടുത്തുണില്ല, അകലെയുമില്ല, ഒന്നുമില്ല. പക്ഷേ ഒന്നുമാത്രമുണ്ട്. കടംമാത്രം. മാത്രമല്ല കണക്കില്ലാതെ പിള്ളരും. എല്ലാററിനേയും തീററിയടിയ്ക്കാൻ തന്നെ ദിവസം പത്തിരുപതു രൂപായുടെ ചെലവുണ്ട്. ഈ ദയനീയസ്ഥിതിയിൽ അവർ എന്തു ചെയ്യാനാണ്.

മന്ത്രിതപത്തിന്റെ ആനപ്പുറത്തിരുന്ന് പാവപ്പെട്ടവരെ കല്ലെറിഞ്ഞ മന്ത്രിമാർ താഴെയിറങ്ങുമ്പോൾ ഇങ്ങനെ മര്യാദ പഠിച്ചുപോകുന്നു. മന്ത്രിയായിരുന്നപ്പോൾ നല്ല വിലയ്ക്ക് കച്ചവടം ചെയ്ത പെൺമക്കളെയെല്ലാം, അധികാരം പോകുമ്പോൾ വരന്മാർ ഒഴിയുകയും, ആ പെൺകോലങ്ങൾ അനാഥപ്രേതങ്ങൾപോലെ വീട്ടിൽ കഴിയുകയും ചെയ്യുന്ന അവസ്ഥ പരമദയനീയമെന്നേ പറയേണ്ടു.

ഏതായാലും അവകാശങ്ങൾ പിടിച്ചുപററാനും അവശതകൾ പരിഹരിയ്ക്കാനുമായി എത്രയുംവേഗം മുൻമന്ത്രിമാരെല്ലാം സംഘടിയ്ക്കേണ്ടതാണ്. ഈ മുൻമന്ത്രി സംഘടനയെ നയിയ്ക്കാൻ വല്ല 'ഇസ്സ്'ക്കാരും മുന്നിട്ടിറങ്ങിയെങ്കിൽ എത്ര നന്നായിരുന്നു.

നാട്ടുവാഴുന്ന മന്ത്രിമാരേ! നിങ്ങളും ആസന്നഭാവിയിൽ "മുൻമന്ത്രിമാരാ"കാൻ പോകുന്നവരാണ്. ആളുകളോട് അല്പം മയമായി പെരുമാറാൻ നിങ്ങൾ ശ്രമിച്ചാൽ നന്ന്. ഇതാണ് നിങ്ങളുടെ മുമ്പിൽ പാവപ്പെട്ട "സൈറൺ" കാഴ്ചവയ്ക്കുന്ന താക്കീതു്.

ശങ്കർപറഞ്ഞു പാഴായ്പോവുക
സംഭവമിതുവരെയില്ലിതു സത്യം.
മുൻകോപികളാം നായന്മാരേ
മുൻപിൽവിട്ടൊന്നടിപിടികൂട്ടി,
കാൎയ്യമശേഷം സാധിപ്പിക്കാൻ
ധൈൎയ്യവുമുണ്ടു നമുക്കറിയേണം!

പനമ്പിള്ളി.- അഞ്ചാരക്കാരൻ പനമ്പിള്ളിയാണുഞാൻ
തഞ്ചമിതൊന്നും ഫലിക്കില്ല നമ്മോട്
പഞ്ചാരവാക്കു പറഞ്ഞാൽ മധുരമി-
ല്ലഞ്ചാറു 'പുത്തൻ' കിടയ്ക്കണം നിശ്ചയം!
രാജേന്ദ്രമൈതാനസംഭവവും, മഹാ-
രാജാവുസാൎദ്ധതിപൂണ്ടതും നല്ലപോൽ
ചിന്തിച്ചുവേണമിക്കൊച്ചുഗോവിന്ദനോ-
ടെന്തെങ്കിലുമൊന്നുചെയ്യാനൊരുങ്ങുവാൻ.
എങ്ങുചെന്നാലും ചെരുപ്പുനക്കീടിലും
ഭംഗമില്ലെന്നുടെകാൎയ്യത്തിനൊന്നിനും........
പിന്നൊടോ, മന്നത്തെമൂപ്പിലേ, താനപ്പു-
റന്നായിൽചെന്നൊന്നടങ്ങിക്കിടക്കടോ!
വാക്കുകൾമൂത്തവർ കൈവയ്ക്കാനായ്
തക്കംനോക്കിയടുത്തുതുടങ്ങി........
"നായന്മാരെ നിനക്കറിയാമോ"
നായകനാകിയ മന്നമുരച്ചു.
"മന്നത്താനേ, നിന്നേപ്പോലൊരു-
മുന്നൂറൻപതുമുതുവീരന്മാർ
ഒന്നിച്ചെത്തിയെതിർത്താലും ഞാ-
നിന്നുതകൎത്തു തരിപ്പണമാക്കും"
മെയ്യുനിവൎത്തും ജൂബാ തന്നുടെ
കയ്യുതെറുത്തും ടീ. കെ. പറഞ്ഞു.

കൊച്ചീക്കാരാ, കോന്നാ നിന്നുടെ-
യുച്ചിതകൎത്തീടുമെന്നിഹശങ്കർ;
'തേറുപിടിക്കാൻ കൊള്ളാംനീ വിരു-
തേറിയടുക്കുകിലായുസ്സില്ലേ"
ഒന്നുപറഞ്ഞു രണ്ടുപറഞ്ഞു
മന്നം ടീ-കെ-യൊന്നുകുമച്ചു
കോന്നാച്ചാരഥ ശങ്കറുമായി-
ട്ടൊന്നുപിടിച്ചു നിലത്തുമറിഞ്ഞു
വേലായുധനും വന്നു'കളത്തിൽ'
കോലാഹലമായാകപ്പാടെ
എമ്മെല്ലേമാരൊക്കെക്കൂടി
തമ്മിൽ തമ്മിൽ തല്ലുതുടങ്ങി.......
വൎഗീസും, നിഴലെന്നതുപോലെ-
ചിരുതേവന്നൊരു കേരളമാർക്സും
പൊട്ടനുമെത്തി; വഴക്കുശമിപ്പാൻ
വട്ടംകൂട്ടാൻ നോട്ടംകൂട്ടി...........
ചിക്കെന്നവിടെക്കാണായ്വന്നൊരു-
രുക്കുമനുഷ്യാകാരം ഭയദം!
തീക്കനൽപോലെ ചുവന്ന ഭയങ്കര-
നേത്രം കണ്ടവർ ഞെട്ടിവിറച്ചു!
മാൎജ്ജാരത്തിൻ മുമ്പിൽ മൂഷിക-
വൎഗ്ഗംപോലെ പതുങ്ങിയൊതുങ്ങി.
എല്ലാവരെയും വരിയായ്നിൎത്തി-
ത്തെല്ലും ദയയില്ലാതാമൂപ്പൻ
ഒന്നാംനമ്പരു മന്നത്തിൻ ചെവി-
യൊന്നുപിടിച്ചു ഞെരുക്കി മുറുക്കി........
ചീൎത്തഭയത്താൽ സംഭ്രമമാൎന്നവർ
മൂത്രത്താൽ ഖദറാകെനനച്ചു.......]

——:*:——


രക്ഷാകേന്ദ്രം

ശശാങ്ക

മൂത്രാശയരോഗങ്ങൾ പിടിപ്പെട്ട് യാതൊന്നുകൊണ്ടും ആശ്വാസം കാണാതെ പരവശപ്പെട്ട് വലയുന്ന സഹോദരീസഹോദരന്മാൎക്ക് പൂൎണ്ണാശ്വാസപ്രദമായ ഒരേ ഒരു രക്ഷാകേന്ദ്രമാണ് ശശാങ്ക! സ്ഖലനം, പഴപ്പുപോക്ക്, പ്രമേഹം, മൂത്രച്ചൂട്, മൂത്രത്തിലുള്ള അടപ്പ്, (കലക്കൽ) വയറെറരിച്ചിൽ, അസ്ഥിസ്രാവം (സ്ത്രീകൾക്കുണ്ടാകുന്ന വെള്ളപോക്ക്)രക്തംപോക്ക് ഇവകൾക്കും ഉഷ്ണസംബന്ധമായ രോഗങ്ങൾക്കും ഒരുപോലെ ആശ്വാസകരം.

24 നേരത്തേക്കുള്ള പാക്കററൊന്നിന്, വില 3 . പാക്കിംഗ് പോസ്റ്റേജ് പ്രത്യേകം.

ചീഫ് വൈദ്യൻ
S S. പിള്ള

വിജയാഫാർമസി,
P. O. മാവേലിക്കര, തിരുവിതാംകൂർ

# മഹദ്വാക്യങ്ങൾ

മന്ത്രിമാർ കിടക്കുന്നതു് മുള്ളുമെത്തകളിലല്ല, പനിനീർപ്പൂക്കൾ വിരിച്ച പട്ടുമെത്തകളിലാണു്. "ടീ. കെ."

കത്തനാരന്മാർക്കു പള്ളിയിലാണു് ജോലി എന്നു ഗവൺമെൻറു പറയാത്തിടത്തോളംകാലം സമുദായവിദ്വേഷം നിലനിൽക്കും. "മന്നം"

ഒരമ്പലം നശിച്ചാൽ അത്രയ്ക്കു് അന്ധതപോയി. ഒരു പള്ളികൂടിയാൽ അത്രയ്ക്കു് ദേശീയബോധം വർദ്ധിക്കും. "സി. കേശവൻ"

നേതൃത്വം അപകടം നിറഞ്ഞതാണു്. നേതാവിനു് ഒരു ചൊറിയുണ്ടായാൽ പാവപ്പെട്ട ജനങ്ങളാണു് അതിനുവേണ്ടി ചൊറിയേണ്ടതു്. "പട്ടം"

എത്രയും കൂടുതൽ മൂത്രം ഉല്പാദിപ്പിയ്ക്കാമോ അത്രയും കൂടുതൽ നമ്മുടെ ഭക്ഷ്യനിലയും അഭിവൃദ്ധിപ്പെടും. "ഇക്കണ്ടവാര്യർ"

ഡമോക്രേററിക്കു് സോഷ്യലിസ്ററുപാർട്ടി വർഗ്ഗീയതയിൽനിന്നു് രാഷ്ട്രത്തെ വിമോചിപ്പിയ്ക്കും. സമുദായനേതാക്കന്മാരായ മന്നശങ്കരന്മാരേ ചേർക്കാത്ത പാർട്ടിയ്ക്കു വിജയമുണ്ടാകയില്ല. "കളത്തിൽ"

പാതിരിമാരേ തെറിപറയുന്ന പത്രങ്ങളേ കണ്ടുകെട്ടിയില്ലെങ്കിൽ ഈ നിമിഷത്തിൽ ഞാൻ മന്ത്രിസ്ഥാനം രാജിവയ്ക്കും.

"ഏ. ജെ. ജോൺ"

ടെക്സ്ററുബുക്കുകളുടെ തെരഞ്ഞെടുപ്പു ശ്രമകരമാണെങ്കിലും സുഖമുള്ള ഒരു ജോലിയാണു്. "പനമ്പള്ളി"

മന്ത്രിമാർ കൊള്ളരുതായ്മ കാണിയ്ക്കുന്നതുകൊണ്ടു് ഞങ്ങൾക്കു് വെളിയിലിറങ്ങാൻ നിർവ്വാഹമില്ലാതായിത്തീർന്നിരിയ്ക്കുന്നു. 'ക്രൂവൽ' ഉടൻ നിയമവിരുദ്ധമാക്കിയില്ലെങ്കിൽ ഞങ്ങൾക്കു രക്ഷയില്ല. "കുട്ടനാടൻ"

---

# ഫലിതപ്പൊടികൾ

(M K. A)

ആശംസ—ഷഷ്ടിപൂർത്തി സംബന്ധിച്ചുള്ള ഒരു സദ്യയിൽ പങ്കുകൊണ്ടിട്ടു് തിരിച്ചു വന്നപ്പോൾ—

പാവങ്ങൾ:—ഈ ഏമാൻ ഒരുപാടുനാൾ ജീവിച്ചിരിക്കട്ടെ. എത്ര നല്ല ഊണു്. ദൈവമേ! ഈ ഏമാൻ ഇന്നങ്ങു ചത്തിരുന്നെങ്കിൽ പതിനാറു ദിവസം കഴിഞ്ഞു് ഒരു സദ്യകൂടി ഉണ്ണാമായിരുന്നു.

*   *   *   *   *

തിരുത്തു്—"മന്ത്രിമാരിൽ പകുതിപ്പേർ കൈക്കൂലിക്കാരാണു്" എന്നൊരു വാർത്ത ഒരു പത്രം പ്രസിദ്ധപ്പെടുത്തി. അടുത്ത ലക്കത്തിൽ ആ വാർത്ത നിഷേധിച്ചില്ലെങ്കിൽ നടപടിയെടുക്കുമെന്നു് ഗവൺമെൻറു് പത്രാധിപരേ അറിയിച്ചു. അടുത്ത ലക്കത്തിൽ അവർ ആ വാർത്ത ഇങ്ങനെ തിരുത്തി "മന്ത്രിമാരിൽ പകുതിപ്പേർ കൈക്കൂലിക്കാരല്ല."

*   *   *   *   *

കുഴിവെട്ടു്—(ഒരു മൂപ്പിലു് കുഴിവെട്ടിക്കൊണ്ടിരിക്കുന്നു) ഒരു വഴിപോക്കൻ:-എന്തിനാ മൂപ്പിലേ! ഈ കുഴിവെട്ടുന്നതു്. മൂപ്പിലു്:- മക്കളേ! ഞാൻ ചത്താൽ കുഴിവെട്ടാൻ ആൺമക്കളൊരുമില്ല. അതുകൊണ്ടു് നേരത്തേ കുഴിവെട്ടി ഇടുകയാണു്. ചത്തുകഴിഞ്ഞു് ഇതിനകത്തു് വന്നു കിടന്നാൽ മതിയല്ലോ.

*   *   *   *   *

പല്ലുതേപ്പു്—(ഭാര്യയുടെ സംസാരം അസഹ്യമായപ്പോൾ)

ഭർത്താവു്:—നീ പല്ലു തേച്ചോ?

ഭാര്യ:—തേച്ചു.

ഭർത്താവു്:—എന്നു്.

ഭാര്യ:—ഇന്നലെ.

A.S.S. മാർക്ക്
നാടൻ നല്ലെണ്ണ
വാങ്ങുവിൻ
പാലസ്റോഡ്, ആലപ്പുഴ

# ചീ. മ. പ്രക്ഷോഭണം ചെയ്ത പൊതു മരണറിപ്പോർട്ട്

(രാഷ്ട്രീയ കണ്ണാടിയിൽക്കൂടി)

പൊതുജനാരോഗ്യം സംബന്ധിച്ച് അഖിലലോക ആരോഗ്യസംഘടനയുമായി സഹകരിച്ചു ബി. സി: കുത്തിവെയ്പും സ്വന്തം നിലയിൽ ലാത്തിമുതലായവകൊണ്ടു കുത്തിച്ചും ക്ഷയരോഗാശുപത്രികളെ കഴിയും മട്ടു വികസിപ്പിച്ചിട്ടുണ്ട്. ഗതാഗതവകുപ്പുകളും കാര്യക്ഷമമായി പ്രവർത്തിച്ചതിൻെറ ഫലമായി വക്കലതോട്ടിൽക്കൂടി വള്ളങ്ങൾക്കു പോകുവാൻ പോലും വിഷമമായിട്ടുള്ളതു കൂടാതെ ട്രാൻസ്പോർട്ട് ചാർജ്ജും ആവശ്യമനുസരിച്ച് വർദ്ധിപ്പിച്ചിട്ടുണ്ട്. കോട്ടയത്തിനടുത്ത് കുറേറോഡും കാൺക്രീറ്റ് ചെയ്തു. അങ്ങനെ പലതും ചെയ്തു. ഇനിയും ഞങ്ങൾ ചെയ്യും.

M, L A. മാർ ജനങ്ങളുടെ ഇടയിൽ ഇറങ്ങി പ്രവൃത്തിക്കുവാൻ ബാ. ബാ. ബഹുമന്ത്രി പറഞ്ഞതു നന്നായി. ഇല്ലെങ്കിൽ തെരഞ്ഞെടുപ്പുവരെ ജീവിച്ചിരിക്കുകയും കോൺഗ്രസ്സിൻെറ ശവസംസ്കാരത്തിൽ പങ്കെടുക്കേണ്ടതായും വരാനിടയുണ്ട്. അതിനേക്കാൾ നല്ലതു് വീരചരമം തന്നെ. പക്ഷേ മല്ലക്കൽ നീലാണ്ടൻെറ കുത്തുവാങ്ങാതെ സൂക്ഷിച്ചുകൊള്ളണം. അവൻ ജനദ്രോഹികളായ കാക്കിയുടുപ്പുകാരെയാണ് ശരിപ്പെടുത്താറുള്ളതു്. ഖാദിക്കാരുടെ കാര്യം മനസ്സിലായാൽ പിന്നെ ആലപ്പുഴയിൽ രക്ഷയില്ല.

കാൺഗ്രസ്സാകുന്ന തള്ളയെ ഇടിട്ടുമൂലം തിരിച്ചറിയാതെ ആഗ്രഹവൃത്തിവരുത്തിക്കൊലപ്പെടുത്തിയിട്ട് പ്രഭാതമായപ്പോൾ ചുററിനും കൂടിയിരുന്നു കരയുന്ന മൂത്തപുത്രന്മാരെയാണ് നാട്ടുകാർ ആലപ്പുഴകൊട്ടാരത്തിൽ വച്ച് ഈയിടെ കാണുവാനിടയായതു്.

മുഖപ്രസംഗമെഴുതിയാൽ പോകുന്ന മതം നമുക്കെന്തിന് ? മതങ്ങളുടെ പേരിലുള്ള കാൺഗ്രസ്സ് നമുക്കെന്തിന് ? കെ. സി, കട്ടൻ. പിന്നെ കൊച്ചേട്ടനെന്തുവേണം ? കുറെ വനം കൂടി പതിച്ചുകിട്ടിയാൽമതിയോ? എന്നാൽ അതെങ്ങു പറഞ്ഞേക്കരുതോ?

സോഷ്യലിസവും കമ്മ്യൂണിസവും ഈ മണ്ണിൽവളരുവാൻ ഞാൻ അനുവദിക്കയില്ലന്നു കാറിയ, പൊട്ടംതാണുപിള്ള കാൺഗ്രസ്സിൽ നിന്നുകൊണ്ടു് നാട്ടുകാരെ രക്ഷിക്കുവാൻ ജനകീയനേതാക്കന്മാരെയെല്ലാം തുറുങ്കിലടച്ചു. അങ്ങനെ ഭരിച്ചു ഭരിച്ചു തട്ടും വാങ്ങി പുറത്തു ചാടി. ഇപ്പോഴിതാ ഡെമോക്രിററിക്ക് സോഷ്യലിസ്റ്റ്പാർട്ടിയും രൂപീകരിച്ചു സഖാവു താണുപിള്ളയായി നാട്ടുകാരെ നിഗ്രഹിക്കുവാൻ പുറപ്പെട്ടിരിക്കയാണ് അഖിലലോക തൊഴിലാളികളെ! ഓടിക്കോ പലവഴിക്ക്. ആരുനോക്കിയാലും കാണരുതു്. എവിടെ നോക്കിയാലും കാണണം. ഓടിക്കോ പലവഴിക്ക്.

സ്വതന്ത്രതിരുവിതാംകൂറിന് ഉമ്മംകൊടുത്ത ശങ്കരൻ പിന്നെയും............ ജനങ്ങളെ സേവിച്ചു പഥ്യം പിഴച്ചപ്പോൾ വൈദ്യനെ കുററം പറഞ്ഞതിനു കാലുംകൊടുത്തു പുറത്തുവിട്ട പരിഭവം തീക്കുവാൻ നാട്ടുകാരെ നാളെത്തന്നെ കുളിപ്പിച്ചു കിടത്താമെന്നും പറഞ്ഞു പറഞ്ഞു നടക്കുകയാണ്. പാവം പോകാൻ. ചേട്ടനെ, ഈ നാട്ടുകാരറിയും. കൊച്ചിയിൽ ചെല്ല്. അവിടെ ഒരു പക്ഷേ ഇതു ചെലവാകും.

അമ്പലത്തിൻെറ കാര്യം പറഞ്ഞതിൽ തലക്കേടുവരുവാനില്ല. എന്നാൽ കേശവൻ വാപ്പൻ അതുപോലുള്ള അഭിപ്രായം പള്ളികളെപ്പററി പറയരുതു്, ഇറച്ചിതിന്നാനൊക്കാതെ വരും.

---

ഭർത്താവ്:—ഇന്നു തേച്ചോ?

ഭാര്യ:—തേച്ചു.

ഭർത്താവ്:—എന്തൊന്നു തേച്ചു.

ഭാര്യ:—ചട്ടിയും കലവുമെല്ലാം.

*　　*　　*　　*　　*

വിലക്കൂടുതൽ—(ഒരേ ജാതിയിലും തരത്തിലുമുള്ള രണ്ടാട്ടുകളെ വിൽക്കാൻ കൊണ്ടുവന്നപ്പോൾ)

കോളുകാരൻ:—(ഒന്നിനെ ചൂണ്ടിയിട്ട്) ഇതിനെന്തു വിലയാ

ആട്ടുകാരൻ:—15 രൂപാ

കോളുകാരൻ:-(മറേറതിനേ ചൂണ്ടിയിട്ട്) ഇതിനോ?

ആട്ടുകാരൻ:—അതിനു 16 രൂപാ.

കോളുകാരൻ:—ആട്ടുകൾ ഒരുപോലെയുള്ളതാണല്ലോ. പിന്നെ വില വ്യത്യാസപ്പെട്ടതെന്താണ്.

ആട്ടുകാരൻ:—ഈ ആട് ഒരു രൂപായ്ക്കു വാങ്ങിച്ചുവച്ചിരുന്ന ഒരു കോടിത്തോർത്തെടുത്തു തിന്നുകളഞ്ഞു. അതുകൊണ്ടു് മറേറതിനു കിട്ടുന്നതിൽനിന്നു് ഒരു രൂപാ കൂടുതൽ കിട്ടിയാലേ ഇതിനെ കൊടുക്കയുള്ളു.

---

# ചോദ്യത്തിനുത്തരം

— മംഗലം എൻ. ബി. —

ചോ:—ശബരിമലക്ഷേത്രം തീവെച്ചു നശിപ്പിച്ചതു് കമ്മ്യൂണിസ്റ്റുകാരാണെന്നു ചിലർ. വെറും യാദൃശ്ചികാസംഭവമെന്നു മനോരമ. ഏതാണു ശരി?

ഉ:—നിങ്ങൾക്കു് എത്രപേരേവേണമെങ്കിലും കൊന്നു കുഴിച്ചുമൂടാം. കമ്മ്യൂണിസ്റ്റുകാരാണെന്നു പറഞ്ഞേച്ചാൽമതി, ഒരു കുററവുമില്ല. ചിലപ്പോൾ വല്ല മെഡലോമറേറാ കിട്ടാനും മതി. പിന്നെ മനോരമയുടെ വാദം....എത്ര "കുളത്തൂപ്പുഴകൾ" യാദൃശ്ചികമാക്കിയതാണു് വല്യമ്മ .......

ചോ.—കെ. ബാലകൃഷ്ണൻ പാർട്ടിയിൽനിന്നു മാറിയതെന്താണു്."

ഉ:—സി. വി. കുഞ്ഞുരാമൻ, സി. കേശവൻ, കെ. ബാലകൃഷ്ണൻ ഇങ്ങനെ പോകുന്ന ആ അനുഗൃഹീത തലമുറ. പുറകിലേതാണ്ടൊന്നുണ്ടല്ലോ....നട്ടെല്ലു് എന്നൊരു സാധനം....അതെവിടെകിട്ടും?

ചോ:—വി. പി. മേനവനെ തിരു-കൊച്ചി ചീഫ്മിനിസ്റ്ററാക്കുന്നൊന്നു കേട്ടു. കൊള്ളാം. അല്ലേ?

ഉ:—അതെ-കൊള്ളാം. അറിയാമല്ലോ പനമ്പള്ളി മിനിസ്റ്ററെ. കൊച്ചീമഹാരാജാവു്, അഞ്ചരലക്ഷം വെളിച്ചെണ്ണ, പഞ്ചസാര, റബർ ഇങ്ങനെ എത്ര ബ്രഹ്മരക്ഷസ്സുകളെ പച്ചജ്ജീവനെ വിഴുങ്ങിയ മന്ത്രി മാന്ത്രികനാണെന്നോ....എന്നാൽ വി. പി-യോടു തട്ടിച്ചു നോക്കിയാൽ—കൃമി—വെറും കൃമി....സകലത്തിൻേറയും പങ്കുണ്ണിയാണേ...."ഒന്നുകൊണ്ടറിയേണം" എന്നോ മറേറാ അല്ലേ പ്രമാണം.

ചോ:—പി. ററി. ചാക്കോ ശങ്കുണ്ണിപ്പിള്ളയേ, രാജിവച്ചിട്ടു് വീണ്ടും തെരഞ്ഞെടുപ്പിനു നിൽക്കാൻ വല്ലുവിളിക്കുന്നു. എന്താണു് "ദേശബന്ധു" മിണ്ടാത്തതു്?

ഉ:—മൈതാനപ്രസംഗത്തേക്കാൾ മുഖപ്രസംഗത്തിനു കൂടുതൽ ആലോചിക്കണമായിരിക്കാം.

ചോ:—"ഹിന്ദുക്കൾ അപകടത്തിൽ"—വല്ല പരമാർത്ഥവുമുണ്ടോസാറേ, ഈ വിളിയിൽ?

ഉ:—എയ്! അബദ്ധം.......ഒരു പതിന്നാലുപേരേ ഒന്നിച്ചു പടിയടച്ചു പിണ്ഡംവച്ചു....അതിനുമുൻ ഒരൊൻപതുപേരേയും. ഹിന്ദുക്കളുടെ ദേവസ്വത്തിനു് ഏതെങ്കിലും നിയമമുണ്ടാക്കുന്നതു 'താലി'ക്കാർ! വിദ്യാഭ്യാസം മുഴുവൻ 'അന്തരീക്ഷ'മയം! ക്ഷേത്രങ്ങളാണെങ്കിൽ തീവച്ചു നശിപ്പിക്കുക'.......ഇങ്ങനെ ചില നിസ്സാര കാര്യങ്ങൾമാത്രം!...... അപകടത്തിൽ!.......അതു ആരോ 'മനം' പിടിച്ചവർ പറയുന്നതാണു്.

ചോ:—കുട്ടനാടൻ ഇപ്പോളെന്തുചെയ്യുന്നു?

ഉ:—കൊണ്ടില്ലേ ഇരുട്ടടി....ഏതായാലും ശബ്ദമില്ല. എഴുതുകയായിരിക്കാം....41 പച്ചക്കള്ളങ്ങളല്ലോ 41 പഴുത്തകള്ളങ്ങളല്ലോ......."അനിക്കീയസ്ഥിതി വരുവതായോർത്തിരുന്നോ തരിമ്പും."

ചോ:—കുട്ടനാടൻെറ അനുഭവം "അന്ധവിശ്വാസക്കാരൻ" കേശവനു് ഒരു സാധനപാഠമല്ലേ?

ഉ:—ഒരു ക്ഷേത്രം നശിച്ചാൽ അത്രയും അന്ധവിശ്വാസം കുറയും' എന്നല്ലേ വാദം. ശരിയാണു്. ഹിന്ദുക്കൾ അന്ധന്മാരായിക്കിടക്കയായിരുന്നു. ഇപ്പോൾ അവർ കണ്ണു തുറന്നു തുടങ്ങി. അപ്പോൾ ക്ഷേത്രത്തിൻെറ നാശം അന്ധവിശ്വാസം കുറച്ചില്ലേ?........പിന്നെ, സാധനപാഠം! കേട്ടോളൂ.......ചിലർ കണ്ടാലറിയും....ചിലർ കൊണ്ടാലറിയും...... കണ്ടാലുമറികയില്ല കൊണ്ടാലുമറികയില്ല ചില മൂഢൻ.

ചോ.—'റേഷ്സ്മന്ത്രി' സ്റ്റീം റോളറുകൾ വില വാങ്ങിയിട്ടുണ്ടോ?

ഉ:— ഇല്ല. സർദാർ പട്ടേൽ വന്നപ്പോൾ ഒന്നു രണ്ടെണ്ണം കൊണ്ടുവന്നിരുന്നല്ലോ.

ചോ:—സി. നാരായണപിള്ളയും കമ്പളവും കമ്മ്യൂണിസം പ്രസംഗിച്ചു തുടങ്ങിയോ?

ഉ:—അതെ, ദക്ഷിണകൊറിയായിൽ കമ്മ്യൂണിസ്റ്റുകാർക്കാണു് ജയം........

ചോ.—ശബരിമല സംഭവത്തിൽ ആദ്യമായി അനുശോചിച്ചതു് പാലാസമ്മേളനമാണല്ലോ.......അതിൻെറ അർത്ഥം........?

ഉ:—ഞാൻ ചോദിക്കട്ടെ.........എന്നോക്കണ്ടാൽ തോന്നുമോ കിണ്ണം കിട്ടുവനാണെന്നു്.

# വീണകാഷായം

**കവി കുഞ്ഞങ്കരൻ**

കാഷായമെ! അധികതുംഗപദത്തിലെത്ര
തോഷിച്ചിരുന്നിതയി, മാമമുനിമാരുമൊത്തു
ശ്രീ ഭൂവിലസ്ഥിരം അസംശയമിന്നുനിന്റെ
യാഭൂതിയെങ്ങു? പുനരാരു ധരിപ്പതിപ്പോ? 1

ലാളിച്ചുടുത്തുവസനം ചില മാമുനീന്ദ്രൻ
ശീലിച്ചിരുന്നു മുനിമാരുടെ ചര്യയാകെ
ഈ ലോകരിൽ കനിവെഴുന്ന മഹർഷിമാക്കു
മേലാകെ മൂടുവതിനായ് ഗുണചെയ്തുനീയും 2

പാലൊത്തെഴും സലിലമൊന്നിലിറങ്ങിനിത്യം
ബാലാതപത്തിൽ വിളയാടിയുണങ്ങി നന്നായ്
നിൻലീലയോടെളിയ മർത്യരെ രക്ഷചെയ്‌വാ-
നിലോകമാമുനികളേ, വശമാക്കിയില്ലെ 3

ശീലിച്ചു ധ്യാനമിടയിൽ പലയാസനത്തിൽ
കാലത്തു മന്ത്രിയിലുമൊക്കെയൊരേ വിധത്തിൽ
ഈ ലോകതത്വമിഹ കാണ്മതിനാഗ്രഹിച്ചോ-
രാ,ലോകരക്ഷകരൊടൊത്തു മഹത്വമാന്ന- 4

ഈവണ്ണമൻപൊടു വളന്നൊരു നിന്റെ കീർത്തി
യാവിഷ്കരിച്ചു,മനുജക്കൊരു ബന്ധുവായി
ഭാവം പകന്നു പൊതുവിൽ പുതുകാന്തിയാന്നു
കൂറേ, അതിൽ പുതിയശക്തിയുമങ്കുരിച്ചു. 5

ആനന്ദമാന്നഴകുത്തുടി പൊതിഞ്ഞൊരാഭ
ചേരുന്നതിന്റെ ഗുണമൊക്കെയുമോർത്തിടുമ്പോൾ
പാരിങ്കലെന്തുപമ? നിന്നിലിയന്നിടുന്ന
കാരുണ്യമാന്നയൊരു നിൻനിലയെത്ര കാമ്യം? 6

വൈരാഗ്യമേറിയൊരു കമ്പളമാട്ടെയേററ
വൈരിക്കുമുമ്പുഴറിയോടിയ പട്ടമാട്ടെ
നേരാണുകാലുകളൊടിഞ്ഞുപതിച്ച ബോർഡു-
കാരാകിലെന്തുമിഴിയുള്ളവർ കൂപ്പിനില്ക്കും 7

ചേതോഹരങ്ങൾ സമജാതികളാം നിറങ്ങ
ളേതും സമാനനിലയുള്ളവയെങ്കിലും നീ
ജാതാനുമോദമിഹ ഭാരതയോഗികൾക്കു
മേതോ വിശേഷരതിനിന്നിലുദിച്ചിരിക്കാം 8

മെല്ലെന്നുനിന്റെ ഗുണമൊക്കെയറിഞ്ഞുലോക
രെല്ലാം മറന്നു കഴിയുന്നാളവന്നു നിന്നെ
തെല്ലോ കൊതിച്ചു ചില സ്വാർത്ഥത പൂണ്ടമർത്ത്യ
രില്ലാതെയാക്കി തവ ചേരിന കാന്തിപൂരം 9

അന്നൊക്കെ നിൻമഹിമകണ്ടു കൊതിച്ച കൂട്ട-
രെന്നോല്ല, വിത്തമതിന്നു മുലച്ചകൂട്ടർ'
എന്നാം! കാമനിയിൽ വാച്ചനിരാശമൂലം
വന്നൊന്നുമാം വിരുതെഴും നരമക്ഷണങ്ങൾ. 10

കില്ലില്ല, നീ അവരെയൊക്കെയഹോവരിച്ചു
തെല്ലെങ്കിലും തവ മഹാത്മ്യമതോർത്തിടാതെ
അല്ലെങ്കിൽ നിന്നെയിഹ കുററമതെന്തിനിന്നു
ചൊല്ലുന്നു, വന്നവർ വരിച്ചിടിലെന്തുചെയ്യും. 11

ഇന്നല്ലയെങ്കിലിവർ നാളെയഹോ തുടങ്ങും
നന്നിച്ചനിന്നെ മറയാക്കി ദുഷിച്ച വൃത്തി

---

ചോ:—സ്വതന്ത്ര സോഷ്യലിസ്റ്റ് സ്ഥാനാർത്ഥികളോടു ജനങ്ങൾക്ക് വലിയ അനുഭാവമാണ്. പക്ഷെ, തിരഞ്ഞെടുപ്പിൽ ജയം കോൺഗ്രസ്സിനാണല്ലോ?

ഉ:– കള്ളനോട്ടായാലെന്താ........അതിന്റെ ശക്തിയൊന്നു വേറെയാണ്. അനുഭാവമൊക്കെ ഓട്ടുകയില്ലേ?

ചോ:—ടി. കെ. യുടെ നയവൈശിഷ്ട്യത്തെ പ്രകീർത്തിച്ച് മലയാളരാജ്യത്തിൽ ഒരു ലീഡർ കണ്ടല്ലോ.

ഉ:—മലയാളരാജ്യം പത്രാധിപരുടെ 'വാൽ' ആരോ തട്ടിക്കൊണ്ടുപോയതായി കേട്ടു........'തല'യും കൊണ്ടുപോയിക്കാണുമെന്നു ഞാനൂഹിച്ചില്ല........

---


## സന്ദർശിക്കുവിൻ.

ആർട്ട് എംപോറിയം
കച്ചേരിക്ക് തെക്ക്‌വശം
ആററിങ്ങൽ.

ഗ്രാമഫോൺ, പെട്രോൾമാക്സ് ലൈററ്, ഫൌണ്ടൻപേന, ഇവകളുടെ സ്പെയർ പാർട്ട്സുകളും, ബലൂൺ,ഫൌണ്ടൻപേന, കുപ്പികൾ മററു സ്റ്റേഷനറി സാധനങ്ങളും മിതമായ വിലക്ക് ഇവിടെ കിട്ടുന്നതാണ്.

മാനേജർ,

അന്നൊക്കെ, ആരുമറിയാതതു മൂടിവയ്ക്കാൻ
തോന്നീടുമാ നിലയിൽ നീയുമധഃപതിക്കും. 12

ഹാ! പാപിയായമനുജൻ ബത നിൻെറ പേരിൽ
ക്ഷേപിച്ചിടും കരുണയറെറാരു പേരുദോഷം
കാഷായമെ! വിടരുതാം വ്യഭിചാരികൾക്കു
തോന്നുന്നതല്ല തരുണീ പടുവൃദ്ധഭേദം. 13

പെട്ടെന്നു നീ മുകളിൽനിന്നു പതിച്ചതോർത്തു
പൊട്ടുന്നമാനവമനം പരമെന്തുചെയ്യാം
തപ്പിട്ടാന്നിൻെറ ഗതികണ്ടിഹമാമുനീന്ദ്രർ
പൂട്ടിക്കളഞ്ഞു നയനദ്വയവും വിഷാദാൽ 14

കണ്ണേ! മടങ്ങുക, തുലച്ചിതുകാവിമുണ്ടിൻ
നിണ്ണായകത്വമിയലും സ്ഥിതയീ "വിടന്മാർ"
എണ്ണീടുകാരുമിതുതാൻ ചതിയിൽ പതിച്ചാൽ
കണ്ണീരുതന്നെ ഗതിയെന്നൊരു തത്വബോധം. 15

— —


എല്ലാവിധത്തിലുമുള്ള ബ്ളാക്കുകൾ, കലണ്ടർ വേലകൾ, റബ്ബർസ്റ്റാമ്പുകൾ, ഇതുകൾക്കു "വികടകേസരി" ഏജൻറ് ശ്രീ: പി. ഗോവിന്ദൻ നായരേ സമീപിക്കുക. കുറഞ്ഞ റേററിൽ ഭംഗിയായി കൃത്യസമയത്തു് ചെയ്യിപ്പിച്ചുകൊടുക്കുന്നതാണ്. കൂടുതൽ വിവരത്തിനു എഴുതുക.

പി. ഗോവിന്ദൻനായർ
വി. കേ. ഏജൻറ് അവനവൻചേരി
ആററിങ്ങൽ.


## "വികട കേസരി"ക്കു്

ഏജൻറന്മാരേ ആവശ്യമുണ്ട്. ഒററ പ്രതി 2 ണ. പ്രകാരം ആവശ്യമുള്ള കോപ്പികളുടെ വില ഓരോ ഇംഗ്ലീഷ് മാസം 15--ാം തീയതിക്കകം മുൻകൂറായി അയക്കുവാൻ കഴിയുന്നവർ മാത്രം അപേക്ഷിച്ചാൽ മതി.

പത്രാധിപർ.


# ★ പ്രത്യേക അറിയിപ്പ് ★

## പി. മാധവൻതമ്പി

### ★ വെങ്കലപാത്രവ്യാപാരം. ★

ചാല—തിരുവനന്തപുരം.

ഞങ്ങളുടെ കടയിൽനിന്നും വാങ്ങുന്ന വെങ്കലപാത്രങ്ങൾക്ക് എന്തെങ്കിലും അററകുററമോ, ഉപയോഗശൂന്യമോ ആയിരുന്നാൽ ആ പാത്രം ഞങ്ങൾ തരുന്ന ബില്ലോടുകൂടി മടങ്ങിക്കൊണ്ടുവരാവുന്നതും ബില്ലുംപ്രകാരംതന്നെ സൈസുപാത്രം കൈവശം ഇല്ലാത്തപക്ഷം അതിൻെറ വില തിരിച്ചുകൊടുക്കുന്നതും ആകുന്നു.

N. B. ഞങ്ങളുടെ മേൽനോട്ടത്തിൽ തയ്യാർചെയ്യുന്ന ചെമ്പുപാത്രങ്ങളിൽ ഞങ്ങളുടെ മുദ്ര ഉണ്ടായിരിക്കുന്നതാണ്. കൂടാതെ സ്റ്റെയിൻലസ്സ്സ്റ്റീൽ (എവർ സിൽവർ) പാത്രങ്ങളും എപ്പോഴും കിട്ടുന്നതാണ്.

❋ ഒരേവില ❋

പ്രൊപ്രൈററർ പി. എം. തമ്പി.

# പ്രിമിയർ ഹോട്ടൽ & റെസ്റ്റാറൻറ്

ശ്രീനാരായണകളേജിനു സമീപം,

കൊല്ലം.

ശുചിയായും, രുചിയായും തയാറാക്കപ്പെടുന്ന ആഹാരപാനീയപദാർത്ഥങ്ങൾ കിട്ടുന്ന ഏക വിശ്രമസ്ഥലം.

N. B. താമസത്തിനു സൗകര്യമുള്ള മുറികളും വാടകയ്ക്കു കൊടുക്കുന്നതാണു്.

പ്രൊ: കെ. ബാലകൃഷ്ണപിള്ള.

## 'സ്വതന്ത്രദേശം'

ഒരുമാസികയായി ആരംഭിച്ചു് കുറഞ്ഞകാലംകൊണ്ടു് പ്രതിപക്ഷപത്രികയായി നടത്തിവരുന്ന സ്വതന്ത്രദേശം വരിക്കാരുടെയും ഏജൻറന്മാരുടെയും ആവശ്യപ്രകാരം 125 മിഥുനം 1-ാനു- മുതൽ ഒരു വാരികയായി പ്രസിദ്ധപ്പെടുത്തുന്നതാണു്. ഒരു കക്ഷിയും പിടിക്കാതെ ഉള്ള കാര്യങ്ങൾ അതേപടി ധൈര്യമായി തുറന്നുപറയുന്ന ഒരുത്തമ സ്വതന്ത്രദേശീയ വാരിക. എല്ലാ ലക്കങ്ങളിലും സ: വേലുവിൻെറ ലേഖനങ്ങൾ ഉണ്ടായിരിക്കുന്നതാണു്. ഏജൻസി എടുത്തിട്ടില്ലാത്ത സ്ഥലങ്ങളിൽ ഡിപ്പോസിററുവച്ചു ഏജൻസി എടുക്കുവാൻ ആവശ്യമുണ്ടു്. ഒററപ്രതി ഒന്നര അണ. വാർഷിക വരിസംഖ്യ 4 രൂ. 8 ണ. കേരളം ഒട്ടുക്കു സഞ്ചരിച്ചു് പ്രചരണം നടത്തുന്നതിനു് ബി. ഏ. ക്കാരനായ ഒരു ഓർഗനൈസറെ ആവശ്യമുണ്ടു്. തക്കതായ പ്രതിഫലം കൊടുക്കുന്നതാണു്.

മാനേജർ, സ്വതന്ത്രദേശം, കായംകുളം.

നവീന രീതിയിലുള്ള ഇംഗ്ലീഷ് ഫേബ്രിക്കും, സിൽക്കു തരങ്ങളും കോയമ്പത്തൂർ, സേലം, ബാംഗ്ളൂർ, ബനാറീസ് സാരികളും, കസവു കവുണിത്തരങ്ങളും, മററു ജവുളിത്തരങ്ങളും മിതമായ വിലയ്ക്കു് ആവശ്യമുള്ളവർ ഞങ്ങളെ സമീപിക്കുവിൻ.

ബി. പുഷ്പാംഗതപ്പണിക്കർ.

പഴകുററി, നെടുമങ്ങാടു്.

---

സ്വർണ്ണം, വെള്ളി ഇവയിലുള്ള എല്ലാത്തരം ഉരുപ്പടികളും ആർഡർ അനുസരിച്ചു് മിതമായ വിലയ്ക്കു ചെയ്തുകൊടുപ്പാൻ തയാർ. കൂടാതെ സ്വർണ്ണം, വെള്ളി ഇവകൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നതാണു്.

എം. ബാലൻ.

പോത്തൻകോടു്.

വിനോദഭാവന (ഏകാങ്കനാടകം)

# "ഞാൻ ഗവർണ്ണരാകുമായിരുന്നു"

(ക്ഷമാപണപൂർവ്വം പാണ്ടനാട്)

രംഗം. 1.

(ചീ: സെ. ശ്രീ. കെ. ജി. മേനവൻെറ വസതി. അദ്ദേഹം ഒരു ഈസി ചെയറിൽ കിടക്കുന്നു. അടുത്തുള്ള മേശപ്പുറത്തു കിടക്കുന്ന ഫയലുകൾ കാററിൽ ഉലയുന്നു. രണ്ടു പേർ പ്രവേശിക്കുന്നു. ആദ്യത്തെ ആൾ ഷാൾ അരയിൽ കെട്ടിയിരിക്കുന്നു. രണ്ടാമത്തെ ആളിൻെറ തലയിൽ ഒരു കെട്ടുകടലാസുണ്ടു്. ആദ്യത്തെ ആൾ ശ്രീ. കെ. ജി യെ കണ്ടു പറെറതാണു തൊഴുന്നു. രണ്ടാമനോടു ഫയൽ വാങ്ങിച്ചു മേശപ്പുറത്തു വയ്ക്കുന്നു. രണ്ടാമൻ മാറി ഒഴിഞ്ഞു് ഓഛാനിച്ചു നടക്കുന്നു. ശ്രീ. കെ. ജി. തൊഴുതുകൊണ്ടു് എഴുന്നേല്ക്കുന്നു)

ശ്രീ. കെ. ജി—ഇരിക്കണം.

ആഗതൻ—(വിനയപൂർവ്വം) വേണ്ടാ. ഇവിടെ നിന്നുകൊള്ളാം.

കെ. ജി—നിങ്ങൾ—വകുപ്പുസെക്രട്ടറിയല്ലേ? (മുഖത്തേക്കു നോക്കുന്നു. ഇരുന്നു്) ഇരിക്കണം.

സെക്രട്ടറി—വേണ്ടായേ!

ചീ. സെ—(അടുത്തുചെന്നു് Please sit down. (പിടിച്ചിരുത്തുന്നു. സെക്രട്ടറി ചുരുണ്ടുകൂടി ഒററച്ചന്തിയിൽ ഒരു കസേരയിൽ ഇരുന്നെന്നു വരുത്തി.)

ചീ. സെ—(മേശപ്പുറത്തു നോക്കിയിട്ടു്) അതെന്തു്?

സെ—(എഴുന്നേററു്) ചില ഫയലുകൾ.

ചീ. സെ—എന്തിനു്?

സെ—ഇന്നു യജമാനൻ നോക്കി "സയിൻ" ഇടാനുള്ളതാണു്.

ചീ. സെ—ഞാൻ ആഫീസിൽ വരുമല്ലോ.

സെ:—അതിനു മുൻപായി........ഇവിടെവച്ചു സൗകര്യമായി നോക്കാമല്ലോ എന്നു കരുതി........

ചീ. സെ—ഫയലുകൾ ആഫീസിൽ ഇരുന്നാല്ലേ നോക്കേണ്ടതു്?

സെ—യജമാനനു കൂടുതൽ സൗകര്യമുണ്ടല്ലോ എന്നു കരുതി.

ചീ, സെ—എന്തു യജമാനനെന്നോ? നിങ്ങൾക്കു ഒരു സെക്രട്ടറിയല്ലേ? യജമാനനെന്നു വിളിക്കുന്നതു എനിക്കിഷ്ടമല്ല, സർ എന്നു വിളിച്ചാൽ മതി.

സെ—ഉത്തരവ്!

ചീ, സെ—എന്തു പ്രയോഗം! (പുഛരസത്തിൽ) ഇവിടത്തെ ഉദ്യോഗസ്ഥന്മാരുടെ മേലുദ്യോഗസ്ഥന്മാരോടുള്ള ബിഹേവിയർ (Behaviour) വളരെ മോശം, യജമാനൻ! ഉത്തരവ്! എന്തു പ്രയോഗങ്ങൾ!

സെ—ഇവിടത്തെ പതിവു് അതാണു്.

ചീ, സെ—എനിക്കു അതിഷ്ടമല്ല. (മറേറയാളിനെ നോക്കി) ഇതാരു്?

സെ—ഓഫീസ് പ്യൂൺ (Office peon)

ചീ: സെ—അയാളുടെ തൊഴിൽ ഫയലുകൾ ചുമ്മിക്കൊണ്ടു മേലുദ്യോഗസ്ഥന്മാരുടെ വീടുകളിൽ നടക്കുകയാണോ? ഇത്രമാത്രമേയുള്ളൂ ഈയാൾക്കു് ജോലി?

സെ—വേറെയുമുണ്ടു്. കൂടുതൽ ശ്രദ്ധിക്കാം. (ഒന്നു കുനിഞ്ഞു) ആ ഫയലുകൾ!

ചീ; സെ—അതുകൊണ്ടുപോകണം. ആഫീസിൽ വന്നു നോക്കിക്കൊള്ളാം.

സെ—വളരെ അത്യാവശ്യമുള്ള........ഫയലാണു്.

ചീ: സെ—അതിനു്?

സെ—അതൊന്നുനോക്കി....ഒപ്പിട്ടാൽ........

ചീ: സെ—മേലാൽ ഫയൽ ഒന്നും ഇങ്ങോട്ടുകൊണ്ടുവരരുതു്! ആഫീസ്, സമയമാകുമ്പോൾ ഞാൻ ആഫീസിൽ വന്നു നോക്കിക്കൊള്ളാം.

സെ—ഉത്ത....ഓ....ഉം....ശരി!

ചീ. സെ—ഏതായാലും ഇതു നോക്കാം. (ഫയലുകൾ മറിച്ചുനോക്കുന്നു. നിവന്നു് സെക്രട്ടറിയെ നോക്കി) തഹസിൽദാരുടെ റിപ്പോർട്ടില്ലാതെ ഈ ശവക്കോട്ട സാങ്ഷനാകത്തില്ല. (നോട്ടിടാൻ തുടങ്ങുന്നു)

സെ—(അടുത്തുചെന്നു്) ഏമാൻ! അല്ല സർ! ഇതു അവിടത്തെ പബ്ലിക്കിനു് വളരെ ഇൻടറസ്റ്റുള്ള കാര്യമാണു്. (ഒരു പൊതി ഫയലിൽ വയ്ക്കുന്നു) ഇതു് അവർ ഏല്പിച്ചതാണു്.

ചീ: സെ—എന്തിതു്? ക്രുദ്ധനായി) എടുക്കണം. (ഫയലിൽ Note ഇടുന്നു)

കർട്ടൻ

രംഗം 2

ചീ: സെക്രട്ടറിയുടെ വസതി. അദ്ദേഹം ഇരിക്കുന്നു. ഒരു ഖദർധാരി വരുന്നു. തൊഴുന്നു. അദ്ദേഹം പ്രത്യഭിവാദനം ചെയ്യുന്നു)

ചീ: സെ—ഇരിക്കണം. എനിക്കു ആരം മനസ്സിലായില്ലല്ലോ?

ആഗതൻ—ഞാൻ എം. എൽ. ഏ. ആണു്.

ചീ: സെ—സന്തോഷപൂർവ്വം) ഇരിക്കാമല്ലോ. (ആഗതൻ ഷാരം മടക്കിയിട്ടു താഴെയിരിക്കുന്നു. ചീ: സെ. നിർബന്ധിച്ചു അദ്ദേഹത്തെ ഒരു കസേരയിൽ ഇരുത്തുന്നു)

എം. എൽ. ഏ—(പച്ചച്ചിരിയോടു് അങ്ങു് വളരെ പുരോഗമിച്ച ആരം ആണു്. ഞങ്ങരം ആ പഴയ പതിവനുസരിച്ചു പെരുമാറും.

ചീ) അതെങ്ങനെ?

എം. എൽ. എ—അവർ അങ്ങയെ സന്ദർശിക്കാതെയിരിക്കയില്ല. അതാണു് അവിടത്തെ പതിവു്.

ചീ. സെ—ഇവിടത്തെ പതിവു്! കഷ്ടം ഇന്നലെ ഒരു സെക്രട്ടറി ഇവിടെ വന്നു കുറെ പഴയ പതിവുകരം കാണിച്ചു. ഞാൻ യാത്രയാക്കി.

എം. എൽ. എ—ആകാര്യമായിട്ടാണു് ഞാൻ കടന്നതു്. (ഒരു പച്ചച്ചിരിയോടു്) അതു സാധിച്ചാൽ..........

ചീ: സെ—മതി മതി. നിയമം അനുസരിച്ചു മാത്രമെ എന്തും സാധിക്കയുള്ളൂ. ഫയലുകരം ആഫീസിൽ വച്ചു പരിശോധിച്ചു അതിൽ കാണുന്ന നിലയിൽ ആർഡർ ഇടും.

എം. എൽ. എ—പൊതുജനങ്ങരംക്കു ഇൻട്രസ്റ്റുള്ള കാര്യമാണു്.


# ആവശ്യമുണ്ടു്

ഒരു മലയാള ചിത്രത്തിൽ അഭിനയിക്കുവാൻ വിദ്യാഭ്യാസവും അഭിനയപാടവവുമുള്ള യുവതിയുവാക്കന്മാരെ ആവശ്യമുണ്ടു്. ഫോട്ടോസഹിതം അപേക്ഷിക്കുക.

ഈശ്വർ പ്രൊഡക്ഷൻസ്സ് (ക്ലിപ്തം)

പഴവങ്ങാടി, തിരുവനന്തപുരം.


ചീ. സെ—അവനവൻെറ സ്റ്റാററസ്. (status) നശിപ്പിച്ചുള്ള പെരുമാററമാണോ ഇവിടത്തെ പഴയ പതിവു്? പോകട്ടെ. പിന്നെ വന്നതു....്?

എം. എൽ. ഏ—അങ്ങയെ ഒന്നു സന്ദർശിക്കാൻമാത്രം.

ചീ: സെ—അതെ. അതുശരിയാണു്. ശരിയായ അഡ്മിനിസ്ട്രേഷനു് (administration) പൊതുജനപ്രതിനിധികളായ എം. എൽ. ഏ മാരുടെ സഹകരണം ആവശ്യമാണു്. അടുത്ത അസംബ്ളിക്കു് എല്ലാവരേയും പരിചയപ്പെടാം.

എം. എൽ. ഏ—അതുവേണ്ടിവരില്ല. അതിനുമുൻപു സാധിക്കും.

ചീ: സെ—അതിനു സന്ദർഭം ഉണ്ടാകുമെന്നു തോന്നുന്നില്ല.

എം. എൽ. ഏ—അതിനു സന്ദഭം അവിടെ നിന്നു ഉണ്ടാക്കണ്ട. താനെ ഉണ്ടായിക്കൊള്ളും.

ചീ: സെ—ആയിരിക്കാം.

എം. എൽ. എ—അതെ. ആയിരിക്കാമെന്നല്ല. തന്നെ തന്നെ.

ചീ: സെ—പേപ്പറിൽ കാണുന്നതനുസരിച്ചു മാത്രമേ ഓർഡർ ഇടുകയുള്ളൂ. കഷ്ടം! സ്റ്റേററ (state) കരം ഇത്ര അധഃപതിച്ചുപോയല്ലോ!

എം. എൽ. എ—ഞാൻ പറയാം കേരംക്കണം. കീഴ് ജീവനക്കാരുടെ സഹകരണം ആവശ്യമാണു്. അവക്കു പൊതുജനങ്ങളുടെ പിൻതുണയും വേണം. പൊതുജന പിൻതുണ കിട്ടണമെങ്കിൽ അവക്കു ഇൻററസ്റ്റുള്ള കാര്യങ്ങരം നേടണം. അതിനു് വെറും പേപ്പറിൽ കാണുന്നതനുസരിച്ചേ ഓർഡർ ഇടു എന്നു ശഠിച്ചാൽ കാര്യം കഴയും.

ചീ: സെ—നിയമം ഇല്ലേ?

# ശ്രീ. അയ്യപ്പനുമായി ഒരു കൂടിക്കാഴ്ച

—ഭക്തൻ—

സ്വാമിശരണം! ശബരിമലക്ഷേത്രം അഗ്നിയ്ക്കിരയായി! ആ ദാരുണവാർത്ത കേട്ട് സഹിയ്ക്കവയ്യാത്ത സങ്കടം വന്ന് ഞാൻ നെഞ്ചത്തൊരിടി. എന്റെ ചങ്കു വെള്ളമായിപ്പോയി. അയ്യോ! എന്റെ അയ്യപ്പാ! അങ്ങയുടെ ജീവിതമാകുന്ന മുറുക്കാൻകടയും അപകടങ്ങളുടെ നാല്കുമുക്കിലാണെന്നോ സ്ഥാപിച്ചിരിക്കുന്നതു്.

സ്വാമിശരണം! ഞാനെങ്ങനെ സഹിക്കും. എന്റെ അയ്യപ്പന് ഒരു ഗ്രഹപ്പിഴ പിണഞ്ഞാൽ! ഇതിൽ ഭേദം ആ ദ്രോഹികൾ എന്നെ അങ്ങു കൊല്ലുകയായിരുന്നില്ലേ? എന്റെ ഭാര്യയും അവളുടെ ഭർത്താവും ഞാനും ഭിന്നിച്ചങ്ങു ചത്താലും എനിക്കു ലേശം വിഷമമില്ല. പക്ഷേ അയ്യപ്പന്റെ കാലിൽ ഒരു മുള്ളുകൊണ്ടാൽ.... ശിവ ശിവ! അതെനിക്കു ചിന്തിയ്ക്കാൻകൂടിവയ്യാ! സ്വാമിശരണം! തിരുതകൃതിയായി ഭരണം നടക്കുന്ന ഈ തിരുക്കൊച്ചിയിൽ—മണികെട്ടിയ മന്ത്രിമാർ ഭരിക്കുന്ന ഈ മലനാട്ടിൽ ദേവന്മാരുടെ കുടുംബംപോലും സുരക്ഷിതമല്ല. പിന്നെ എന്നേപ്പോലുള്ള സാധുക്കളുടെ കാര്യം പറയണോ?

സ്വാമിശരണം! എന്തായാലും ഈ ദാരുണവാർത്തയിൽ എനിയ്ക്കുള്ള അഗാധമായ ഖേദം അയ്യപ്പന്റെയടുക്കൽ ചെന്ന് എനിയ്ക്കൊന്നു പ്രകടിപ്പിയ്ക്കണം. ആനയും കടുവായും വായും പിളന്ന് ഓടിവന്ന് എന്നെയെടുത്തു വിഴുങ്ങിക്കൊള്ളട്ടെ! പൗരബോധനിപ്രതിനിധി ബലാൽക്കാരമായി പിടിച്ചു നിർത്തി എന്റെ ഫോട്ടോ വന്നെടുത്തുകൊള്ളട്ടെ. ചില മന്ത്രിമാരുടേതുപോലെ കട്ടിത്തൊലിയുള്ള കാണ്ടാമൃഗപോക്കാദികൾ ദേവസ്വംബോർഡിനെ ക്രിസ്ത്യാനികളെന്നപോലെ എന്നെയെടുത്തമ്മാനമാടിക്കൊട്ടെ. എനിക്കതിൽ ഖേദമില്ല. ഞാനതെല്ലാം കണ്ണുമടച്ച് വായുംപിളന്ന് സഹിയ്ക്കാം.

സ്വാമിശരണം! എന്നാലും എനിക്കെന്റെ അയ്യപ്പനേ ഒന്നു കാണണം അതേ—കാണണം! കണ്ടേ മതിയാവൂ. ഇല്ലെങ്കിൽ ട്യൂബ് ടയർ പൊട്ടി സഡൻ സ്റ്റോപ്പാകുന്ന ട്രാൻസ്പോർട്ടുബസുപോലെ ഹൃദയം പൊട്ടി മരിയ്ക്കും. അങ്ങനെ ഭാവി തലമുറയ്ക്ക് ഒരഗാധഭക്തനും ഒരു പൊതുജനദ്രോഹിയും നഷ്ടമാകും. അങ്ങനെ

---

എം. എൽ. എ—പറയാം. ഈ കാര്യം സാധിച്ചാൽ ആ നാട്ടുകാരും ആ ഗ്രൂപ്പിൽപ്പെട്ട എം. എൽ. എ-മാരും അങ്ങേയ്ക്കും ആ വകുപ്പു സെക്രട്ടറിക്കും അനുകൂലമായിരിക്കും.

ചീ: സെ—അതുകൊണ്ടു്?

എം. എൽ. എ—അതുകൊണ്ടു് സാധിക്കണം. അങ്ങു് ഇവിടത്തെ രീതികൾ സ്വീകരിച്ചാൽ-ഉദ്യോഗസ്ഥന്മാരുടെ പിൻതുണകിട്ടിയാൽ—(പതുക്കെ) അങ്ങു ഇവിടത്തെ അഡ്മിനിസ്ട്രേറ്ററാകും. ഈ കാര്യം..........

ചീ. സെ—ശരി. ഞാൻ ആലോചിക്കാം.

എം. എൽ. എ—കഴിവതും വേഗത്തിൽ അതു സാധിച്ചുതരണം.

ചീ. സെ—(ചിന്തയിൽ) ഉം.

എം. എൽ. എ—ഞാനിറങ്ങട്ടെ നമസ്കാരം.

ചീ. സെ—നമസ്കാരം.

കർട്ടൻ

(തുടരും)


പരിശുദ്ധമായ നാഷണൽ കാപ്പിപ്പൊടി ഉപയോഗിപ്പിൻ. ഗുണത്തിനും, രുചിക്കും മെച്ചം. മൊത്തമായും ചില്ലറയായും വിൽക്കപ്പെടും.

നാഷണൽ കാപ്പി വർക്ക്സ്

ഗ്രാമത്തിനു സമീപം ആററങ്ങൽ.

Prop. S. J. IYER

മോഡേൺ കഫേ

സ്റ്റേറ്റ് ട്രാൻസ്പോർട്ടാഫീസ്

കൊല്ലം.

ശുചിയും രുചിയുമായ ആഹാരത്തിനും, സുഖമായി താമസിക്കുന്നതിനും പററിയ ഒന്നാന്തരം സ്ഥാപനം.

സന്ദർശിക്കുവിൻ! ആനന്ദിപ്പിൻ!!

കഷ്ടപ്പെടുത്താമോ? പാടില്ല. പാടില്ല. സ്വാമിശരണം. അതിനാൽ ഉടൻതന്നെ ശബരിമലയിലേയ്ക്കു ഞാൻ തിരിച്ചു.

ഞാൻ വണ്ടിപ്പെരിയാറുവഴി ഒരു ചക്കടാവണ്ടി പോലെ മുന്നോട്ടു നീങ്ങി. മുള്ളും കല്ലുംമൊന്നും ഞാൻ കൂട്ടാക്കിയില്ല. സ്വാമിശരണം! ടീ. കേ-യെ കൊണ്ടു പോയ ഒരു പല്ലക്കു് വഴിയിൽ ഒടിഞ്ഞു കിടക്കുന്നതു് ഞാൻ കണ്ടു. അതിൽ അസഹ്യമായ കോപത്തോടെ ആഞ്ഞൊന്നു തൊഴിച്ചിട്ടു് ഞാൻ കമ്പിമണിയാർഡർ പോകുന്ന വേഗത്തിൽ നടന്നു. സ്വാമിശരണം! ഒടുവിൽ പതിനെട്ടാം പടിയിലും എത്തിച്ചേർന്നു. അവിടംവരെയുള്ള വഴിയേപ്പററി ഞാനൊന്നും വർണ്ണിക്കുന്നില്ല. ഞാനൊരു കാളിദാസനായിരുന്നെങ്കിൽ വല്ല മേഘത്തോടോ മറേറാ മാർഗ്ഗവർണ്ണന ചെയ്യാമായിരുന്നു. പക്ഷേ നിർഭാഗ്യവശാൽ ഞാനിതുവരെ ഒരു കാളിയുടേയും ദാസനായിട്ടില്ല.

സ്വാമിശരണം! ദഹിച്ചു കിടക്കുന്ന ആ മഹാക്ഷേത്രം കണ്ടു് എന്റെ ഹൃദയം ദഹിച്ചു. ഞാനവിടെയെല്ലാം അയ്യപ്പസ്വാമിയേ തിരഞ്ഞു. പടമഴിഞ്ഞ പരശ്ശൂന്യത അവിടെ പാളയമടിച്ചു കിടക്കുന്നു. എന്റെ ദേവൻ എങ്ങോട്ടു പോയിരിക്കണം. കലംകുത്തികളായ തിരുക്കൊച്ചിക്കാരുടെ ഇടയിൽനിന്നും പൊറുതിമുട്ടി അദ്ദേഹം എങ്ങോ ഇറങ്ങിപ്പൊയ്ക്കളഞ്ഞതായിരിക്കുമോ? ഞാൻ ന്യായമായി സംശയിച്ചു. പോരെങ്കിൽ പട്ടാളത്തിൽ ആളെടുപ്പുള്ള കാലവും.

സ്വാമി ശരണം! ഒടുവിൽ എന്റെ അയ്യപ്പനേ ഞാൻ കണ്ടു പിടിച്ചു. ഒരു വലിയ പാലയുടെ മുകളിൽ അദ്ദേഹം ധ്യാനിഷ്ടനായിരിക്കയാണു്. ഞാനല്പ നേരം അവിടെക്കാത്തുനിന്നു ഒടുവിൽ ആ കരുണാനിധി താഴെയിറങ്ങിവന്നു് എന്നെ രണ്ടു കയ്യുമുയർത്തി അനുഗ്രഹിച്ചു. ഞാൻ 10 പ്രാവശ്യം മല ചവിട്ടിയിട്ടുള്ളവനാണു. അദ്ദേഹം ഒററ നോട്ടത്തിനു് എന്നെ മനസ്സിലാക്കി.

അയ്യപ്പൻ—എന്താ ഭക്തരേ! ഇങ്ങോട്ടൊക്കെ ഇറങ്ങിയതു്.

ഞാൻ—സ്വാമിശരണം! കരുണാനിധിയായുള്ളോവേ! അവിടുത്തേക്കു പററിയ മഹാവിപത്തിൽ എന്റെ അഗാധമായ അനുശോചനം രേഖപ്പെടുത്താനാണു് ഞാനിവിടെ വന്നതു്.

അയ്യപ്പൻ—ഭക്തരേ! ഒരു പ്രമേയം പാസ്സാക്കി ഇങ്ങോട്ടയച്ചാൽ മതിയായിരുന്നല്ലോ. എന്തിനു വെറുതേ കാട്ടും മേടും ചവിട്ടിത്തകർത്തു. ഏതായാലും അവർ വേറെ വീടു പണിതു തരുന്നതുവരെ ഞാനിപ്പാലയിൽതന്നെ കഴിഞ്ഞു കൂടാൻ നിശ്ചയിച്ചിരിയ്ക്കയാണു്.

ഞാൻ—അങ്ങയുടെ ആലയത്തിനു തീപിടിയ്ക്കുമെന്നു് കലിയുഗവരദനിൽ പറഞ്ഞിട്ടുണ്ടെന്നു് ആളുകൾ പറയുന്നതിനെപ്പററി എന്താണഭിപ്രായം.

അയ്യപ്പൻ—കുഞ്ഞേ! അവർ അങ്ങനെയൊക്കെപ്പറയും. എന്റെ കുടുംബത്തിനു കുളംതോണ്ടി ഇവിടം മുഴുവൻ വനം കൃഷിക്കായി പതിച്ചെടുക്കണമെന്നു് ചിലർക്കുദ്ദേശമുണ്ടു്. അതു നിനക്കറിഞ്ഞുകൂടേ.

ഞാൻ—സ്വാമിശരണം! അറിയാമേ! അറിയാമേ! ഒരു ക്ഷേത്രം നശിച്ചാൽ അത്രയ്ക്കന്ധത നശിക്കുമെന്നു് സി. കേശവൻ പ്രസ്താവിച്ചതിനെപ്പററി വല്ലതും പറയാനുണ്ടോ?

അയ്യപ്പൻ—ഹ ഹ ഹ ഹ! കുഞ്ഞേ! ഒരാളുടെ തലയിൽ ഈയംകൂടി പോയാൽ ഇത്രയേ ആകാവോ എന്നോർത്തു ഞാൻ ചിരിക്കയാണു്. മയ്യനാട്ടും പേട്ടയിലും ഓരോ നാസ്തിക കുടുംബങ്ങളുണ്ടു്. അവന്മാരുടെ പൊടിയെങ്കിലും ഭൂമുഖത്തുള്ളടത്തോളം എനിയ്ക്കു രക്ഷയില്ലെന്നറിയാം. പക്ഷേ ആ കേശവനു് പള്ളിയിലും കത്തനാരന്മാരിലും വലിയ വിശ്വാസമാണു്. പണ്ടു് ഈ കാറൽ മാർക്സ് നിരണംപള്ളിയിൽ ചെന്നു് മുട്ടുകുത്തി പ്രാർത്ഥിച്ചുവെച്ചു് ഈയിടെ ഞാനൊരു കടലാസിൽ വായിച്ചു. 'ഒരു മനുഷ്യൻ മരിച്ചാൽ അത്രയും പട്ടിണി പരിഹരിയ്ക്കാം' എന്നു പറയുന്നതിനു തുല്യമല്ലേ ഇതു്. ആ അഭിപ്രായത്തെ അതിഷ്യ്ക്കുന്ന അവജ്ഞയോടെ കാടിക്കുഴിയിൽ തള്ളേണ്ടതാണു്.

ഞാൻ—സ്വാമി ശരണം! ആനിയ്ക്കാട്ടെവിടെയോ ഒരു പള്ളിവിഹാരി അസഭ്യമായ നാടകം കുട്ടികളേക്കൊണ്ടഭിനയിച്ചു് അയ്യപ്പനേ ഹീനമായി ആക്ഷേപിച്ചതിനേപ്പററി എന്താണഭിപ്രായം?

അയ്യപ്പൻ—കുഞ്ഞേ! നമ്മുടെ ചങ്കുണ്ണിയുടെ പത്രത്തിൽ ഞാനതു വായിച്ചു. എന്തുപറയട്ടെ. തേനും പാലുമൊഴുകിയിരുന്ന കേരളത്തിൽ ഇന്നു് വർഗ്ഗീയമെന്ന ഈയം തിളച്ചുമറിഞ്ഞിരിച്ചിരമ്പിപ്പതച്ചുലച്ചു കവിഞ്ഞു പായുകയാണു്.

ഞാൻ—സ്വാമി ശരണം! അങ്ങേതെല്ലാം പത്രം വായിക്കാറുണ്ടു്.

അയ്യപ്പൻ—നമ്മുടെ ഉണ്ണികളുടെ പത്രങ്ങളെല്ലാം വായിയ്ക്കാറുണ്ടു്.

ഞാൻ—സ്വാമിശരണം! മനോരമ വായിക്കാറുണ്ടോ?

# പൊതുക്കാര്യപ്രസക്തർ

(തുടർച്ച)

പ്രഭാതം മുതൽ പ്രദോഷംവരെ എല്ലു മുറിയെ പണിഎടുക്കുന്ന സാധു തൊഴിലാളിസോദരങ്ങൾക്കു് അവരുടെ ജീവിതരംഗത്തിൽ ജീർണ്ണിച്ച പല പരാതികളും ഉണ്ടു്. നിർവ്വാഹമില്ലാതെ പട്ടാളനിയമംപോലെ ഒൺ, ടൂ, ഒൺ, ആട്ടയിട്ടു് അവരുടെ റിപ്പോർട്ടുകളുംകൊണ്ടു് പൊതുകാര്യപ്രസക്തരെന്നു് സ്വയം അഭിമാനിക്കുന്ന ഈ നൂറാംക്ലാസ്സുകാരുടെ മുൻപിലേക്കാണു് എത്തുന്നതു്. അവിടെയാണു് അല്പം വിനോദത്തിനവകയുള്ളതു്. നിവേദകസംഘം കൈകെട്ടി വാഴകുലപോലെ തലയും കുനിച്ചു് ഒരു കാൽ തളത്തിയെനിക്കാവൂ എന്നതു് കശ്നമായ ഉത്തരവാണു് (ധിക്കാരികളാണുപോലും) പിന്നീടാരംഭിക്കയായി ചില ക്രിമിനൽ പുള്ളികളോടെന്നപോലെ നട്ടേടം, മുളച്ചേടം, ധനപ്പെരുപ്പം, കയ്യിരു കെട്ടിയിരുപ്പു്, മക്കളെത്ര, പെൺമക്കളുണ്ടോ, പ്രായം, താമസസ്ഥലം, മറവും....മറവും ഉടനെ അടുത്ത ബസ്സിൽ യാത്രയാകുകയാണു് എങ്ങോട്ടു് ആലോചിക്കാൻ-തിരുമറയൻ-ഉണക്ക പട്ടാളം-ചെങ്കുന്നി-കിങ്കരേശ്വരഅയ്യരുടെ തിരുമുമ്പിലേക്കു്; അവിടം മുതൽ അവന്റെ തറവാട്ടു് കുളംകോരിച്ചു് അപ്പയും അവണക്കും മുളപ്പിച്ചല്ലാതെ അണ്ണന്മാരു് വിട്ടുമാറുകില്ലാ. ഇതിനൊക്കെ തരപ്പെടാത്ത ഘട്ടങ്ങളെ വിനോദാർത്ഥം ഒരു ഗുലാൻപെരിശ്ശു് കളിയാധി? എന്താ ഇത്രയുംഒക്കെപോരെ പിന്നെ സമീപപ്രദേശങ്ങളിൽ വല്ല മീററിംഗോ പുലകളിയോ വിവാഹചടങ്ങോ മറേറാ ഉണ്ടെങ്കിൽ ഈ മഹാബലികളെ പ്രത്യേകം ക്ഷണിക്കണമെന്നില്ല. അവർ താനേ എത്തിക്കൊള്ളും.

ഒരിക്കൽ ഒരു പുരാതന ക്രൈസ്തവകുഡുംബത്തിലെ ഒരു ശ്രീമതി, മിസ്സിന്റെ—വിവാഹത്തിനു് ഇന്നത്തെ റേഷൻകാർഡ്പോലെ നാട്ടിലെ ചിലർക്കൊക്കെ ഓരോ കാർഡു് സമ്മാനിച്ചു ഈ കൂട്ടത്തിൽ കുത്തിയേടത്തെ പിള്ളേച്ചനു് കൊടുക്കാൻ മറന്നുപോയി. പക്ഷെ പൊതുകാര്യപ്രസക്തനായ പിള്ളേച്ചൻ വിട്ടില്ല നേരത്തെ പന്തലിൽ സ്ഥലം പിടിച്ചു. മംഗല്യധാരണം മംഗളമായി പര്യവസാനിച്ചു. എല്ലാവരെയും സദ്യക്കു് ഇരുത്തി അക്കൂട്ടത്തിൽ ഒരു ഗുരുത്വദോഷി ചെറപ്പകാരൻ ഇലയുടെ മുൻപിൽ ഇരുന്നവരുടെ ടിക്കററുകൾ വാങ്ങി പരിശോധിച്ചുതുടങ്ങി. അയാൾ ആ ഇന്ദ്രസദസ്സിലെ പിള്ളേച്ചന്റെ അടുത്തെത്തി നമ്മുടെ ബ്രഹ്മണ്ഡഗൃഹസ്ഥൻ എഴുന്നേററു് പതുക്കെ ചെവിയിൽ പറഞ്ഞു എന്റെ ക്ഷണക്കത്തു കളഞ്ഞുപോയി പരിശോധകന്റെ കണ്ണുകൾ ചുവന്നു. ശ്രീ അച്ചുതന്റെ കോപ്പി അടിച്ച ഒററനോട്ടം ഇതാ വരുന്നോ എന്നു 'പറഞ്ഞു' പുള്ളിപ്പുലിയേപ്പോലെ ഗേററുചാടി ഒററപാച്ചിൽ ഇതുകണ്ടു് ഒരു വയസ്സൻ മൂപ്പിന്നു് വിളിച്ചു് ചോദിക്കയാണു്. "എന്താ പിള്ളേച്ചൻ ഉണ്ണാതെ പോകയാണോ." ഓട്ടത്തിനിടയിൽ തിരിഞ്ഞുനോക്കാതെ ടിയാൻ പറയുകയാണു് അല്ലാ വീട്ടിൽനിന്നു് അത്യാവശ്യമായി ഒരാൾ വന്നിരിക്കുന്നു നമ്മുടെ വൈഫിനു് സുഖക്കേടു് എന്താ ഇവരുടെ പുരോഗമനത്തിന്റെ അറേബ്യൻ ഭാഗം നമുക്കു് മനസ്സിലായില്ലേ ഈ മാപ്പാപ്പമാരുടെ സിൽബ്ബന്ധികൾ ഒരുതരം തെരുവു് തെണ്ടികളും അതിനടുത്തവരും ആയിരിക്കും എന്തിനും മടി ഇല്ലാത്തകൂട്ടർ. എന്റെ ഈശ്വരാ ഇവററകൾക്കു് ചാക്കാല ഇല്ലല്ലോ ഞാൻതന്നെ പലപ്പോഴും വിചാരിക്കാറുണ്ടു്. അല്ലേ വികടകേസരി നിങ്ങൾ തന്നെ ഒന്നു ചോദിക്കു ഇതു് എവിടത്തെ അടവാണെന്നു്

---

അയ്യപ്പൻ—ശാന്തമേ പാപ! ശാന്തം പാപം! വത്സാ! ഇനിയാ നാലക്ഷരം എന്റെ മുമ്പിൽവച്ചു് നീ ഉച്ചരിയ്ക്കരുതു്. ശിവ! ശിവ! നമ്മുടെ കാതും കരളും അശുദ്ധ........

ഇത്രയുമായപ്പോഴേക്കു് മണി ഒന്നാകയാൽ അയ്യപ്പൻ ലഞ്ചിനുപിരിഞ്ഞു. സ്വാമി ശരണം! ഞാൻ വീട്ടിലേക്കും നടന്നു.

A.S.S. മാർക്ക്
നാടൻ നല്ലെണ്ണ
A S S
വാങ്ങുവിൻ
പാലസ്റോഡ്, ആലപ്പുഴ

# മന്നത്തു പത്മനാഭൻ

[രഞ്ജിത്ത്]

ആ പടിവാതുക്കൽ പത്തു പന്ത്രണ്ടാളുകൾ കൂടിയിട്ടുണ്ടു്. ആ മുഖങ്ങളിൽ ഒരു പരിഹാസഛായയാണു് മുന്തിനിൽക്കുന്നതു്. ആരെയോ, കളിയാക്കാൻ കാപ്പുകെട്ടി വെമ്പൽപൂണ്ടു് അവർ നില്ക്കുകയാണെന്നു് തോന്നും. അതിലൊരാൾ പറയുകയാണു് 'മൂപ്പീന്നിനു് ഇക്കുറി അമളി പിണഞ്ഞതു തന്നെ. എല്ലാപേരോടും പണം പിരിക്കുന്ന പോലെയാണെന്നാ സാറിന്റെ വിചാരം. അറുത്തകൈക്കുപ്പിടാത്ത ആ മനുഷ്യന്റെ കയ്യിൽ നിന്നു നൂറു രൂപാപോയിട്ടു് നാലു കാശു വാങ്ങിയെങ്കിൽ'

“ഈ പന്തയത്തിൽ സാർ തോററു സംശയമില്ല.” മറെറാരാൾ പറഞ്ഞു. അരമണിക്കൂർ കഴിഞ്ഞില്ല നരച്ചു വെളുത്ത ഒരു വൃദ്ധകൃശഗാത്രൻ അവരുടെ നേക്കു നടന്നു വരുകയാണു്. ആ മുഖത്തിലെ പ്രസന്നതകണ്ടു് അവിടെ കൂടിനിന്നവർ മയങ്ങി. നട്ടെല്ലു നിവത്തുള്ള ആ നടപ്പുകണ്ടവർ കുഴങ്ങി. അടുത്തു വന്നപ്പോൾ ആ വയസ്സനൊന്നുപൊട്ടിച്ചിരിച്ചു. എന്നിട്ടു് പോക്കററിൽനിന്നും പെഴ്സെടുത്തു് അവരുടെ മുന്നിലേക്കെറിഞ്ഞു് അദ്ദേഹം പറയുകയാണു് —“എന്റെ കുഞ്ഞുങ്ങളെ, നിങ്ങൾക്കു് നൂറല്ലേവേണ്ടു. ഇതാ ഇവിടത്തെ അറുപിശുക്കന്റെ കൈയ്യിൽനിന്നും അഞ്ഞൂറു രൂപാ.” —അവർ അത്ഭുതസ്തബ്ധരായിപ്പോയി. പരമപിശുക്കന്റെയടുക്കൽ പണപ്പിരിവിനുപോയി ആദ്യമായി വിജയം കൈവരിച്ചു മടങ്ങിയ തങ്ങളുടെ നേതാവിന്റെ അമാനുഷവൈദഗ്ദ്ധ്യത്തിൽ അത്യന്തം അതിശയിച്ചു് അവർ അകമഴിഞ്ഞു് അഭിമാനം കൊണ്ടു. അന്നത്തെ ആ പണപ്പിരിവുകാരനാണു് ഇന്നു് ഹിന്ദു സമുദായത്തിന്റെ സമാരാധ്യനായ നേതാവായ ശ്രീ മന്നത്തുപത്മനാഭൻ. എൻ. എസ്. എസ്. സ്കൂളുകൾ കെട്ടിയുണ്ടാക്കാൻ രാവും പകലുമില്ലാതെ പണപ്പിരിവിനിറങ്ങി അലഞ്ഞു തിരിഞ്ഞപ്പോൾ ഇടയ്ക്കുണ്ടായ ഒരു സംഭവമാണു് മേൽ വിവരിച്ചതു്. മററാരും ഏറെറടുക്കാൻ ധൈര്യപ്പെടാത്ത ആ ജോലിയാണു് മന്നത്തെ മൂപ്പിന്നു് എളുപ്പം. ആ മഹാനുഭാവന്റെ പണപ്പിരിവിനെപ്പററി സിൻബാദിന്റെ സഞ്ചാരകഥകളെപ്പോലെ എത്രയെത്ര കഥകളാണു്, എന്റെ പത്മനാഭാ! നാടൊട്ടുക്കു് പാറിപ്പരക്കുന്നതു്. അന്നു് അഞ്ഞൂറു് വാങ്ങാൻ പണിപ്പെട്ട കൈകളിൽ ഇന്നു് അയ്യായിരവും, അമ്പതിനായിരവും, അഞ്ചുലക്ഷവും വരെ പാട്ടുംപാടിക്കൊണ്ടാണു് കൊണ്ടെറിയുന്നതു്. “മന്നം ഒരു വീട്ടിൽ കേറിയിറങ്ങിയാൽ അവിടത്തെ പണസഞ്ചി ഒരു പ്രേമഭാജനത്തെപ്പോലെ മൂപ്പരുടെ പിറകേപോകും”— എന്നൊരാൾ ഈയിടെ പറയുന്നതു് കേട്ടു. തലേന്നു് വരെ പുലഭ്യം പറഞ്ഞുനടന്ന ഒരുക്രിസ്ത്യാനിയെപിറേറന്നു് കാലത്തു കണ്ടപ്പോൾ



കരഞ്ഞ മുഖഭാവത്തോടെ അയാൾ പുലമ്പുകയാണു് “ഇന്നു് കാലത്തെ മന്നം വീട്ടിൽ വന്നിരുന്നു. ആയിരം രൂപായല്ല്യോ വിദ്വാൻ അടിച്ചോണ്ടുപൊയ്ക്കളഞ്ഞതു് കൊടുത്തതു് അറിഞ്ഞതേയില്ല.” എന്തിനു്? മധുരമായി ഒഴുകുന്ന ആ മൊഴികളിൽ മതിമയങ്ങി ഏതു ലുബ്ധനും പ്രക്ഷുബ്ധനും പണപ്പെട്ടിതുറന്നുപോകും. കലാലയങ്ങൾ കെട്ടിയുയത്തും. അങ്ങനെ പെരുന്നയിൽ നിന്നും പട്ടത്തേയ്ക്കൊരു നെട്ടോട്ടം. അതിനിടയിൽ എത്ര എത്ര മനോഹര സൗധങ്ങൾ ആ മഹാ വിദഗ്ദ്ധൻ മെനഞ്ഞെടുത്തു. ഇന്നു് ഇരു

ശരണമില്ലാതെ, മേലോട്ടുനോക്കിയാൽ ആകാശവും താഴെ ഭൂമിയുമായി കറങ്ങിത്തിരിയുമായിരുന്ന നായർ സമുദായത്തിന് മുപ്പതിലധികം സ്ക്കൂളുകളും മൂന്നര ക്കോളേജുകളും (വനിതാസെക്ഷനെ കൂടി ഉൾപ്പെടുത്തിയാണേ!) നേടിക്കൊടുത്തു്. നടു വളയ്ക്കാതെ നിവന്നു നിൽക്കാൻ പ്രാപ്തമാക്കിത്തീർത്തു. കലാലയത്തിൽ കയറിയിറങ്ങാൻ ഭാഗ്യം കൈവന്നിട്ടില്ലാത്ത ആ കൃശഗാത്രൻ ഇന്നു് എത്ര കലാലയ ബിരുദധാരികളുടെ കണ്ണിലുണ്ണിയാണെന്നോ? അത്ഭുതംതന്നെ അത്ഭുതം.!

ഏഴു ബിരുദങ്ങളുള്ളവർപോലും എതിരേല്ക്കാൻ കൊതിക്കുന്ന ഏഴാം ക്ലാസ്സുകാരൻ, ഇംഗ്ലീഷിലേ കട്ടവറുക്കുകയുള്ളുവെന്നു് ശാഠ്യം പിടിക്കുന്ന നാടൻ സായിപ്പന്മാർ പോലും ബഹുമാനിക്കുന്ന ഇംഗ്ലീഷനഭിജ്ഞൻ കൊമ്പൻ വക്കീലന്മാർ കണ്ടാൽ കൈകൂപ്പിനിൽക്കുന്ന പഴയകാലത്തെ ക്രിമിനൽ വക്കീൽ ശിവ, ശിവ, ഇന്നു് ഹിന്ദു സമുദായത്തിന്റെ നടുനായകമായി, മൂകലക്ഷങ്ങളുടെ ആരാധ്യനേതാവായി വിലസുന്നതിൽ ആരെങ്കിലും അതിശയിക്കുന്നെങ്കിൽ അവരിൽ അസൂയക്കാരും കുശുമ്പന്മാരുമേ കാണുകയുള്ളൂ.

കളകളം പായുന്ന കൊച്ചരുവിമാതിരിയാണു് ആ കണ്ഠത്തിൽ നിന്നും അല്പാല്പം ഇടർച്ചകലർന്നൊഴുകിവരുന്ന പ്രസംഗധോരണി. ആ ഭാഷാശൈലിയുടെ സുഭഗത! ആ പദശതങ്ങളുടെ സരളത! ആ പ്രസംഗമുണ്ടെന്നു് കേട്ടാൽ നാട്ടിന്റെ നാലുപാടും നിന്നു് എത്ര എത്ര പേരാണു് എത്തിക്കൂടുന്നതു്. എത്ര നിമിഷത്തിനിടയ്ക്കാണു് മനുഷ്യനെ തലതല്ലി ചിരിപ്പിക്കുന്ന ഫലിതഗുളികകൾ ഉരുട്ടിയുണ്ടാക്കിവിടുന്നതു്! എതിരാളികളുടെ നടുനെഞ്ചിൽതറയ്ക്കുന്ന വക്ശരങ്ങളല്ലേആ ആവനാഴിയിൽ പതിയിരിക്കുന്നതു്. ആ പടുവൃദ്ധപ്പടയാളി തോക്കിൽനിന്നും നിറയൊഴിക്കലാരംഭിച്ചുവോ, പ്രതിയോഗികൾ ചത്തു മലക്കുന്നതു കാണാൻ രസംതന്നെയാണു്. ചാട്ടയടികൊണ്ടു പുളയുകയാണു് വിദ്യാഭ്യാസധുരന്ധരന്മാരും, വീപ്പക്കുററിപോലത്തെ ഭരണവിധികർത്താക്കളും. തിരുവിതാംകൂർ കൃസ്ത്യൻ കാൺഗ്രസിന്റെ കുലഗുരുവായ മല്ലയുദ്ധപ്രവീണൻ കുമ്പളം ശങ്കുവണ്ണൻ മപ്പടിച്ചു മുക്കറയിട്ടടുത്തപ്പോൾ, മന്നത്തു് പപ്പുപിള്ള സാർ ഒരൊററ വാക്പ്രയോഗം—"കോടാലിക്കൈ"! എറുകൊണ്ട ശ്വാനനെപ്പോലെ പാവം ചങ്കുപിള്ളച്ചേട്ടൻ ചൂളിപ്പോയി. നാട്ടിന്റെ നാലുഭാഗത്തും കാപ്പിക്കടയും കള്ളുഷാപ്പും തുറക്കാൻ ഓടിനടന്നു്, നാട്ടുകാർ പണിപ്പെട്ടുണ്ടാക്കുന്ന പണം പാഴാക്കുന്ന മന്ത്രിമാരെ എല്ലാം നമ്മുടെ കഥാപുരുഷൻ ഓച്ചിറക്കാളകളാക്കി ഒരൊററ ചരടിൽ കോർത്തിണക്കി കെട്ടിക്കളഞ്ഞു.

എതിരാളികളെ ചാമ്പലാക്കുന്ന ഈ വാണീപ്രസാദം പ്രയോഗിച്ചുതന്നെ തന്റെ സമുദായക്കാരെ സംഘടിപ്പിക്കാനും പത്മനാഭനു് സാധിക്കും. ഉദാഹരണങ്ങൾ പലതുണ്ടു്. ചിലതു് പറയാം. പതിനായിരത്തോളം ആളുകൾ തടിച്ചുകൂടിയ ഒരു മീററിങ്ങാണു്. (മന്നത്തിന്റെ പ്രസംഗമല്ലേ, പിന്നെ കേൾക്കണോ, ഇത്രയും ആളുകൾ സാധാരണയല്ലേ) പക്ഷേ പട്ടിയും പൂച്ചയും പെയ്യുന്ന പേമാരികൊണ്ടു് യോഗം അലങ്കോലമാകുന്ന ലക്ഷണമുണ്ടു്. മന്നം വന്നു് കയറി സദസ്സിനെയാകെയൊന്നു് വീക്ഷിച്ചു. എല്ലാപേരും കുട നിവത്തിപിടിച്ചിട്ടുണ്ടു്. ആ പ്രസംഗം ആരംഭിച്ചതിങ്ങനെയാണു്. "ഒരൊററ കുടയെങ്കിലും നിവക്കാതെ വമ്പിച്ച പേമഴയത്തുപോലും ഞെളിഞ്ഞിരുന്നു് പ്രസംഗം കേൾക്കാൻ കഴിവുള്ളരാണു് എന്റെ സമുദായക്കാർ. ഈ പ്രകൃതിയോടെതിരിടാമെങ്കിൽ പിന്നെയാണു് ഈ കൃസ്ത്യാനികളു്!" അടുത്ത നിമിഷത്തിൽ "ക്ലിക്ക്" "ക്ലിക്ക്" എന്ന ശബ്ദം: ഒരൊററ കുടപോലും നിവന്നു കാണാനില്ല. അതാണു് മന്നത്തിന്റെ സ്വാധീനോപായം.

മറെറാരിക്കൽ ആ മഹാനേതാവിന്റെ ഷഷ്ട്യബ്ദപൂർത്തി വേളയിലാണു് പെരുന്നയിൽ ഇനിചെന്നു ചേരാൻ ആളുകളില്ല. തിരുതകൃതിയായി ആഘോഷങ്ങൾ നടക്കുകയാണു്. നാട്ടിന്റെ നാനാഭാഗത്തുനിന്നും സമ്മാനങ്ങൾ വന്നു കുമിഞ്ഞിട്ടുണ്ടു്. സ്വണ്ണസാധനങ്ങൾ, വെള്ളിത്തളികകൾ, സാൽവകൾ എന്നു വേണ്ട എല്ലാം എല്ലാം. അതിനിടയിൽ ബഹുമാന്യനായ ഒരു സുഹൃത്തു് ഒരു വെള്ളികെട്ടിയ വടികൊണ്ടുവന്നു ആ അറുപതാം വയസ്സുകാരന്റെ കയ്യിൽ കാഴ്ചവെച്ചു. എണീററല്ലോ നമ്മുടെ കഥാനായകൻ, ഒരു ചെറു പുഞ്ചിരിതൂകിക്കൊണ്ടു് പത്മനാഭപിള്ള പറയുകയാണു്. "എന്നെ എല്പിച്ചിരിക്കുന്ന ഈ വടി അറുപതുകഴിഞ്ഞ ഈ പടുകിഴവനു് ഊന്നി ഊന്നി നടക്കാനുള്ളതല്ല, വിളിച്ചു കൂവിയാലും ഉറങ്ങിക്കിടക്കുന്ന നായർ യുവാക്കളെ അടിച്ചുണർത്താനുള്ളതാണു്." അന്നും ജീവിച്ചിരുന്നു് ഓമനമകന്റെ നേട്ടങ്ങളെ കണ്ടാനന്ദിച്ചു് അടുത്തിരുന്ന മാതാവു് പോലും പൊട്ടിച്ചിരിച്ചുപോയി. എന്തിനു് നീണ്ട നീണ്ട പ്രസംഗങ്ങൾ! ഒരൊററ വാചകം പോരെ!

വികടകേസരി

ഇതുപോലെ സമയത്തിനൊത്തു നീങ്ങാൻ കഴിവുള്ള മറെറാരു സമുദായനേതാവിനെ നിങ്ങൾക്കു് കാണിച്ചുതരാമോ? ഇന്നലെവരെ പട്ടുകുപ്പായമിട്ടു നടന്ന ഊപ്പന്നാ കാപ്പനും, തൊമ്മനും ചാണ്ടിയുമൊക്കെ കരിഞ്ചന്തയ്ക്കും കൈക്കൂലിയ്ക്കും കരുക്കളുണ്ടാക്കാൻ കൊള്ളാമെന്നു് കണ്ടു്, ഗാന്ധിജിയുടെ പരിശുദ്ധമായ പരുക്കൻ വസ്ത്രമണിഞ്ഞു്, ജൂഡാസിനെപ്പോലെയുള്ള പാപികൾപോലും ധരിയ്ക്കാനറയ്ക്കുന്ന വിധം അതിനെ പങ്കിലമാക്കിക്കളഞ്ഞു. പക്ഷെ മന്ദം ഖദർ ധരിക്കാൻ തുടങ്ങിയതു് ഇന്നോ ഇന്നലെയോ അല്ല, കരിഞ്ചന്തയ്ക്കും കൊള്ളയ്ക്കും കൂട്ടുനില്ക്കാനല്ല. പൊലീസുകാരൻെറ ലാത്തിയെ ഭയന്നു് ആരും അതു് ധരിക്കാൻ മടിച്ചുനിന്ന കാലത്തേ മന്ദം ഖദറേ ധരിക്കൂ എന്നു് നിർബ്ബന്ധക്കാരനായിക്കഴിഞ്ഞിരുന്നു. രാഷ്ട്രീയസമരത്തിൻെറ മുന്നണിയിലെല്ലാം മന്നത്തിനെ നിങ്ങൾ കണ്ടിരിക്കും. വൈയ്ക്കം സത്യാഗ്രഹത്തിനുണ്ടായിരുന്നു. കരുനാഗപ്പള്ളിയിൽ കൂടിയിരുന്നു. പക്ഷേ സ്വാർത്ഥതാല്പര്യങ്ങൾ പൂർത്തീകരിക്കാൻ കൂട്ടിയുണ്ടാക്കിയ സ്റ്റേറ്റ് കോൺഗ്രസ്സിൽ താളംതുള്ളാൻ ആ തനിദേശീയക്കാരനെ നി

A.S.S. മാർക്ക്
നാടൻ നല്ലെണ്ണ
വാങ്ങുവിൻ
പാലസ്റോഡ്, ആലപ്പുഴ




ങ്ങൾ കണ്ടില്ല. അതിനെ നന്നാക്കിയെടുക്കാമോയെന്നു് നോക്കാൻ ഇടയ്ക്കതിലൊന്നു കടന്നു. പക്ഷേ കരിശ്ശും വെന്തിങ്ങായുമേന്തി നടക്കുന്നവനല്ലാതെ അതിൽ സ്ഥാനമില്ലെന്നു് കണ്ടപ്പോൾ വീണ്ടും നേരായ സമയത്തിനുതന്നെ പുറത്തുപോന്നു. എന്നിട്ടു അവരുടെ കള്ളത്തരങ്ങൾ പുറത്താക്കാൻ, കൊള്ളപ്പണികളുടെ കള്ളിപുറത്താക്കാൻ, ഇതാ ഡെമോക്രാററിക് പാർട്ടിയുമായി നമ്മുടെ മുന്നിലേയ്ക്കു് വന്നിരിക്കയാണു്. നട്ടെല്ലില്ലാതെ നട്ടുവു് തളർന്നു കിടന്ന നായന്മാരെ താങ്ങി എഴുന്നേല്പിച്ചു് ഉശിരും ഉണർവ്വും നൽകിക്കഴിഞ്ഞപ്പോൾ അടുത്ത പടിയിലേയ്ക്കു് കടക്കാൻ മൂപ്പർ കാപ്പു കെട്ടിക്കഴിഞ്ഞു. എഴുപത്തിരണ്ടായാലെന്തു്, എഴുവയസ്സായ ചുണയൻ കുട്ടിയുടെ ചുറുചുറുക്കോടെ, ചിന്നിച്ചിതറി കുത്തഴിഞ്ഞു കിടക്കുന്ന ഹിന്ദുക്കളെ കോർത്തിണക്കാൻ മറെറാരു യുവസിംഹമായ ശങ്കറുമൊത്തു്, ആ വൃദ്ധകേസരി കുതിച്ചിരിക്കയാണു്. ഹിന്ദുമഹാമണ്ഡലം! ഇൻഡ്യയൊട്ടുക്കു് വ്യാപിപ്പിക്കും അതിൻെറ പ്രവർത്തനങ്ങൾ എന്ന ആ സൈംഹികഗർജ്ജനം മുഴങ്ങിക്കഴിഞ്ഞു. സോഷ്യലിസമോ, സാമ്പത്തികവിപ്ലവമോ അദ്ദേഹം പ്രസംഗിക്കുന്നില്ല. പക്ഷേ എന്തെങ്കിലും പറഞ്ഞാൽ ആത്മാർത്ഥതയോടെ അതു പ്രവർത്തിക്കും. അതുകേട്ടു പൊട്ടിച്ചിരിക്കുന്ന കൊച്ചുകുടവയറന്മാർ എത്ര വലിയ രാഷ്ട്രീയതന്ത്രജ്ഞന്മാരാണെങ്കിലും, വിസ്കികളുടെ സ്വർഗ്ഗത്തിൽ കഴിയുകയാണു്. അവക്കു മന്നത്തു പത്മനാഭനെ അറിഞ്ഞുകൂടാ. പക്ഷേ നമുക്കറിയാം ഈ നാട്ടുകാർക്കറിയാം. അറിഞ്ഞുകഴിഞ്ഞു.

## പുതിയ സഹജീവികൾ

പാക്കിസ്ഥാൻ ഗവർണ്ണർ ജനറൽ മി: ലിയാക്കത്തു് ആലിക്കാൻെറ ഉടമസ്ഥതയിൽ കറാച്ചിയിൽനിന്നും അച്ചടിപ്പിച്ചു് അമേരിക്കയിൽനിന്നും പ്രസിദ്ധീകരിക്കുന്ന "ഇടിയപ്പം" എന്ന ദിനപ്പതിപ്പും, കോടിമതവെള്ളത്താൻെറ മേൽനോട്ടത്തിൽ കൊച്ചിയിൽ അച്ചടിപ്പിച്ചു് അഞ്ചുതെങ്ങിൽനിന്നും പുറപ്പെടുന്ന "വെടിയുണ്ട" ചടയമംഗലം പാച്ചൻെറ മാനേജ്മെൻറിലും പരമാധികാരത്തിലും വെഞ്ഞാറമൂട്ടിൽനിന്നും അച്ചടിപ്പിച്ചു് പോത്തൻകോട്ടുനിന്നും പ്രസിദ്ധംചെയ്യുന്ന "അവസരസേവകൻ" എന്ന വാരികകളും മുണ്ടക്കയം ചക്കിയുടെ പാറിവൃന്ന ഉത്തരവാദിത്വത്തിൽ പന്തളത്തുനിന്നും അച്ചടിപ്പിച്ചു് എരുമേലിയിൽനിന്നും പുറപ്പെടുന്ന "മുഖാമിനുക്കി" വനിതമാസികയും പാല്ലൂർ മി. പപ്പുപിള്ളയുടെ നിത്യപരിശ്രമത്തിൽ നെടുമങ്ങാട്ടുനിന്നും അച്ചടിപ്പിച്ചു ആലപ്പുഴനിന്നും പ്രസിദ്ധീകരിക്കുന്ന "കണ്ണുകോടാലി" എന്ന അടികൊള്ളി സാഹിത്യവിനോദമാസികയും മാററത്തിനു അയച്ചുതന്നതു നന്ദിപൂർവ്വം കൈപ്പററി മാന്യസഹജീവികൾക്കു് ഉള്ളടക്കമനുസരിച്ചുള്ള ഭാവുകം നേരുന്നു.

——

# നെയ്യാറ്റിൻകരയിലെ എലക്ഷൻ സ്റ്റണ്ട്

രാഷ്ട്രീയലേഖകൻ

എക്സ്മന്ത്രി രാമചന്ദ്രൻ T. V. S. ഓടിക്കാൻ ലൈസൻസെടുത്ത് നാടുവിട്ടു. അങ്ങനെ തമിഴ്നാട്ടിലെ ഒരു എം എൽ എ. സ്ഥാനം ഒഴിവുവന്നു. രാമചന്ദ്രനെ മന്ത്രിയാക്കിയ അവകാശവാദം പുറപ്പെടുവിച്ചുകൊണ്ട് പട്ടം താണുപിള്ള ക്രിസ്ത്യൻകാൺഗ്രസ്സിനെതിരായി ഉപതിരഞ്ഞെടുപ്പിൽ ഒരു സ്ഥാനാർത്ഥിയെ നിറുത്തി. കാൺഗ്രസ്സ്ഡമോക്രാറ്റ് പാർട്ടി അപരാഭിധാനത്താൽ അറിയപ്പെടുന്ന ഹിന്ദുമഹാമണ്ഡലക്കാർ പട്ടം ഗ്രൂപ്പിനെ സഹായിക്കാൻ ഉറച്ചു. തമിഴ്നാട് കാൺഗ്രസ്സിനെ ക്രിസ്ത്യൻ കാൺഗ്രസ്സും ഐക്യസംഘടനയും ചരടു കെട്ടിപ്പിടിച്ചു. പാതിരീപ്രേമത്തിൽ പള്ളി ഡിസിപ്ലിനിൽ ഒരു പക്ഷേ നേശമണി പ്രഭൃതികൾ ക്രിസ്ത്യൻ കാൺഗ്രസ്സിൽ ലയിക്കാനിടയുണ്ട്. അങ്ങിനെയാണെങ്കിൽ കാണാൻപോകുന്ന പൂരം കൗതുകകരമാണ്. സർ. സീ. പി.-യുടെ സത്യനേശനും കമ്മ്യൂണിസ്റ്റ്‌വേഷജാൻജി കുളത്തുങ്കൽ പോത്തനും പുസ്തകക്കച്ചവടക്കാരൻ പി. എം. നായരും എക്സ്‌സർവീസുകാരൻ ദാസ്സും ഇപ്പോൾ ക്രിസ്ത്യൻ കാൺഗ്രസ്സിലെ സജീവപ്രവർത്തകരാണ്; ഭരണമേധാവികളുടെ കണ്ണും കരളുമാണ്.

നെയ്യാറ്റിൻകരയിലെ തിരഞ്ഞെടുപ്പുപ്രചരണക്കാർ വഞ്ചിയൂർക്കാരൻ ഒരു ഹോട്ടലുടമസ്ഥനും പുളിമൂട്ടിൽ കാണുന്ന ഒരു എക്സ്‌സർവീസുകാരനും ആണെന്ന് രഹസ്യമായി അറിഞ്ഞുകൊണ്ട് മത്തങ്ങാവടിവിൽ പരസ്യപ്പെടുത്തിയ പത്രവാർത്തകളെ അടിസ്ഥാനരഹിതമെന്ന് നിഷേധിച്ച പ്രസ്നോട്ട് കണ്ടപ്പോൾ കാര്യം പരമാർത്ഥമാണെന്ന് നിങ്ങളെപ്പോലെ ഞങ്ങളും തീർച്ചയാക്കി. കൂടുതൽ വിവരങ്ങൾ അന്വേഷിക്കുന്നതിന് നിങ്ങളുടെ രാഷ്ട്രീയലേഖകനെ ചുമതലപെടുത്തി. അദ്ദേഹം നടത്തിയ രഹസ്യഗവേഷണങ്ങളുടെ ഫലമായി ചുവടെ ചേർക്കുന്ന റിപ്പോർട്ട് അയച്ചുതന്നിരിക്കുന്നു.

രാഷ്ട്രീയലേഖകന്റെ റിപ്പോർട്ട്.

ആ ഹോട്ടൽകാരനെ പിടികിട്ടി. എക്സ്‌സർവീസുകാരനേയും കണ്ടുകിട്ടി. ചേരുംപടി ചേരുന്ന പാഷാണത്തിൽ ക്രിമികളാണു രണ്ടുപേരും അവർ കാൺഗ്രസ്സു

ന്യൂ റെസ്റ്റാറന്റ്
തമ്പാനൂർ ::: തിരുവനന്തപുരം
രുചിതപമായ കാപ്പിയും, ശാപ്പാടും
എപ്പോഴും തയാർ.
പ്രൊ: വി. ഭാസ്കരപിള്ള.

അംബികാവിലാസം റെസ്റ്റാറന്റ്
മീനാംബികാ തിയേറ്ററിനുസമീപം, ആറിങ്ങൽ.
ഏററവും രുചികരമായ പദാർത്ഥങ്ങൾ ഏവർക്കും തൃപ്തികരമായ രീതിയിൽ എപ്പോഴും തയ്യാർ.
പ്രൊ. P. ശങ്കരൻ നായർ.

കാരായിരുന്നില്ല, കാൺഗ്രസ്സുകാരല്ല കാൺഗ്രസ്സുകാരാകയുമില്ല. കാലത്തിനൊത്തു മുതലെടുക്കുവാൻ ഖദറിട്ടത്ത സത്യനേശന്മാരാണ് രണ്ടുപേരും. സമയഭേദം നോക്കാതെ റാസ്ഹൌസിൻെറ പ്രാന്തപ്രദേശങ്ങളിൽ അവർ ചുററിക്കറങ്ങുന്നതു കാണാം. ടി-കെ-സാറും അവരും തമ്മിൽ അടുത്ത ബന്ധുക്കളാണെന്ന് ഈ വീരന്മാർ കാണുന്നവരോടൊക്കെ പറയും. ടി. കെ-സാറിൻെറ ആശ്രിതരാണവർ.

എക്സ്സർവീസുകാരന് പഴയ ചരിത്രങ്ങളൊന്നുമില്ല. എന്നാൽ ഹോട്ടൽകാരന് പല പഴയ ചരിത്രങ്ങളുമുണ്ട്. 114-ലെ കാൺഗ്രസ്സ് സമരകാലത്ത് ഒരിക്കലോമറേറാ ഖദർ ധരിച്ചിട്ടുണ്ട്. ഹോട്ടൽബിസിനസ്സിൽ പുരോഗമനപരമായ വരവൊന്നുമില്ലാതിരുന്നതുകൊണ്ട് സത്യനേശനെപ്പോലെബസ്സ്സ്റ്റാൻഡുകളിൽ നാലുകാശ്ശുതരം പുസ്തകങ്ങളുമായി അലഞ്ഞുനടന്നു. പേരിനു പ്രസിദ്ധി ഇല്ലാത്തതുകൊണ്ട് ആരും അന്ന് അദ്ദേഹത്തിൻെറ പേരു ചോദിച്ചിട്ടുണ്ടാവില്ല. പുസ്തകച്ചുമടുമായി വടക്കൻ താലൂക്കുകളിൽ കാൺഗ്രസ്സ് സമരകാലത്ത് അലഞ്ഞു നടന്നിരുന്ന അദ്ദേഹത്തിനും രാഷ്ട്രീയയാതനയ്ക്കും തമ്മിൽ ബന്ധവുമുണ്ടായിരുന്നില്ല. ചുമ്മാ കിട്ടിയ കമ്മ്യൂണിസ്റ്റ് ലഘുലേഖകൾ കാശിനു വേണ്ടി വിററു നടന്ന ഒരു ദിവസം നമ്മുടെ നേതാവിനെ പോലീസുകാർ പിടിച്ചുകെട്ടി ലാക്കപ്പിലാക്കി. അരമണിക്കൂർ അങ്ങിനെ അന്നു കാരാഗൃഹവാസം അനുഭവിക്കേണ്ടി വന്നതുനിമിത്തം ഇന്നത്തെ യാതനക്കാരുടെ പട്ടികയിൽ ഒന്നാംസ്ഥാനത്തിൽ അദ്ദേഹത്തിനു പേരുകിട്ടി. നാഗരുകോവിലിൽ പത്തേക്കർ സക്കാർ കുളം അങ്ങിനെ അദ്ദേഹത്തിനും പതിച്ചു കിട്ടി.

പട്ടം താണുപിള്ളസാറിൻെറ സ്ഥാനത്യാഗത്തിന് ഉപജാപങ്ങൾ നടത്തി ഒപ്പിയാൻ കൂട്ടരെ സഹായിച്ചതിന് പ്രതിഫലമായി പറവൂർ ടി-കെയുടെ അനുകമ്പയും അനുഗ്രഹവും സിദ്ധിച്ചതിനുശേഷമാണ് ഹോട്ടൽകാരൻ രാഷ്ട്രീയരംഗത്തിലേ ഇടപ്പള്ളി കുട്ടനാടന്മാരുടെകൂട്ടുകാരനായിത്തീർന്നതു്. പി. എം. നായരുടെ പേരു് അന്നുമുതൽ പ്രസിദ്ധമായിത്തുടങ്ങി. ടി. കെ. സാറിൻെറ പേഴ്സണൻ സി-ഐ-ഡി ആണെന്ന് പി. എം. നായർ പലരോടും പറഞ്ഞു. സർ സി പി യുടെ ചിദംബരംപോലെയാണ് ടി-കെയുടെ പി. എം. നായർ എന്ന് സ്വയം കൊട്ടിഘോഷിച്ചു. അടുപ്പിൽ ചാറിയ കോഴിയെപ്പോലെ റാസ്ഹൌസിന് കളംകെട്ടിയശനിയൻ നായർ പാവപ്പെട്ട ടി-കെയെ ഏഷണി കൊണ്ടിളക്കി പല പോരായ്മകളും നടത്തിച്ചിട്ടുണ്ട്, തിരഞ്ഞെടുപ്പ് പ്രചരണത്തിന് "ആനവണ്ടിയിൽ M S T R വച്ചതും രൂപയും ആവശ്യമുള്ള പെട്രോളും പ്രതിദിനം കാറിനുവേണ്ടി കയ്യടക്കിയതും അർദ്ധരാത്രികളിൽ റാസ്ഹൌസിൽ ഇറങ്ങിക്കയറി പച്ചക്കള്ളങ്ങൾ തട്ടിവിട്ടതും പൊണ്ണത്തം നടിച്ച് മനസ്സാക്ഷിയും മാനവുമില്ലാതെ നെയ്യാററിൻകരെയും നാഗരുകോവിലിലും മിണ്ടാതെ സഞ്ചരിച്ചതു് സുപ്രസിദ്ധമാണല്ലോ. നവശക്തിയെ പിടിച്ച കാൺഗ്രസ്സ് സ്ഥാനാർത്ഥിയാക്കിയിട്ടുണ്ടെങ്കിലും കെ. ആർ. ഇലങ്കത്തിനെ പ്രചരണ കൺവീനറാക്കിയിട്ടുണ്ടെങ്കിലും സി. ഐ ഡി. വിദഗ്ദ്ധൻ പി. എം. നായർ പറഞ്ഞു നടക്കുന്നതു് കാൺഗ്രസ്സിൻെറ വിജയം നായരുടെ കൈയ്യിലാണിരിക്കുന്നതെന്ന് പി. എം. നായരുടെ കൈയ്യോ ദാസിൻെറ തോളിലും ടി. കെ. യുടെ ആശ്രിത വാത്സല്യം സകല കള്ളങ്ങളേയും വിശ്വസിക്കും. വഷളത്തരങ്ങളേയും ക്ഷമിക്കും.

(പി. എം. നായരെപ്പോലെയുള്ളവരാണ് ഇന്നത്തെ കാൺഗ്രസ്സ് കാരെങ്കിൽ കാൺഗ്രസ്സ് അധഃപ്പതിക്കുന്നതിൽ അത്ഭുതമില്ല.)

— —


## "വെള്ളാമ്പലുകൾ"

By. മാവേലിക്കര K. അച്ചുതൻപിള്ള.

ഹൃദയസ്പൃക്കുകളായ പത്തു കഥകളുടെ സമാഹാരം. ത്രിവർണ്ണ മുഖചിത്രം. വില ഒരു രൂപാ മാത്രം, താഴെ പറയുന്ന ഏതെങ്കിലും മേൽവിലാസത്തിൽ ആവശ്യപ്പെടുക.

| | |
|---|---|
| കെ. അച്ചുതൻപിള്ള. | മാനേജർ |
| സംസ്കൃതകാളേജ്, | ചിത്രാംജലി |
| തിരുവനന്തപുരം. | മാവേലിക്കര. |

# ഞങ്ങളും കരയാം

## അല്ലാതെന്തു ചെയ്യാം?

ഒരുത്തമനായ സമുദായസ്നേഹി, അനുഗൃഹീതനായ വ്യവസായവിജയി, ആർദ്രചിത്തനായ ദീനജനബന്ധു, എന്നിങ്ങനെ പലവിധത്തിൽ കേരളീയർക്കാകമാനവും, കൊല്ലം നിവാസികൾക്കു പ്രത്യേകിച്ചും, ഒരുററവനായിരുന്ന ഞങ്ങളുടെ അന്നപൂർണ്ണാലയം ഗോപാലപിള്ളച്ചേട്ടൻ അൻപത്തിയൊൻപതു സംവത്സരത്തെ സംഭവബഹുലവും എന്നാൽ സർവഥാ വിജയകരവുമായ പ്രശസ്ത ജീവിതം എന്നേയ്ക്കുമായി അവസാനിപ്പിച്ചു കൊണ്ടു്, ആത്മാട്ടശന്മാരെ കരളുരുക്കികരയിച്ചുകൊണ്ടു കടന്നുപോയി. എന്തു ചെയ്യാം ? നിയതിയുടെ നിശ്ചയം നടക്കുകതന്നെ ചെയ്യും. സന്തതസന്തപ്തരായ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോടൊത്തു് ഞങ്ങളും കരയാം. ആ സുകൃതാത്മാവിനു് നിത്യശാന്തികൈവരട്ടെ!

## കൊല്ലം പട്ടണത്തിലെ മൂത്രപ്പുര

പലയിടത്തുനിന്നും കൊല്ലം പട്ടണത്തിൽ തടിച്ചും തടിക്കാതെയും കൂടുന്ന ജനങ്ങൾക്കു് നേരിട്ടുകൊണ്ടിരുന്ന ഒരു മഹാസങ്കടം ശ്വാസം മുട്ടൽ ഇപ്പോൾ പരിഹതമായിക്കുന്നു. അതാണു് അവിടത്തെ മൂത്രപ്പുരകൾ. പരിഷ്കൃതരീതിയിൽ അതു നഗരത്തിന്റെ പലഭാഗങ്ങളിലും നിർമ്മിച്ചിട്ടുണ്ടു് പക്ഷേ ഒരു ദൃശ്യം എല്ലാവരും അവിടെച്ചെന്നാൽ നിന്നു പെടുത്തുകൊള്ളണം. ഇരിക്കാൻ പാടില്ല. അടിവശം അങ്ങനെ തുറന്നു കിടക്കുകയാണു് ഇതു പുരുഷന്മാരുടെ കാര്യമാണേ! അതങ്ങനെയെങ്കിലും സ്ത്രീകൾക്കു് ഇതിനകയറിയാൽ നേരിടുന്ന ബദ്ധപ്പാടു് എന്തായിരിക്കും. ബഹു: മുൻസിപ്പൽ പ്രസിഡൻറു് ഇക്കാര്യം ഒന്നു ശ്രദ്ധിക്കട്ടെ.

## വിവാഹ മംഗളാശംസ

കടയ്ക്കൽ ഗോവിന്ദമംഗലത്തു നട്ടവഴലികത്തു പുത്തൻ വീട്ടിൽ റി: ഫാറസ്റ്റർ ശ്രീമാൻ കെ. നാരായണപിള്ളയുടെ പുത്രി ശ്രീമതി ബി. കമലമ്മയും ഭരതന്നൂർ അയണിപള്ളി വീട്ടിൽ ശ്രീ. എസ്. പരമേശ്വരൻപിള്ളയുടെ മകൻ മി. പി. ഭാസ്കരൻ നായരും തമ്മിൽ 125 മിഥുനം 28-ാംതീയതി വധൂഗൃഹത്തിൽ വച്ചു സമാഗമം നടന്ന വിവാഹത്തിനു് നവദമ്പതികൾക്കു് സർവ്വവിധമംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു.


**WANTED**

A CROWN FOLIO TREADLE PRINTING MACHINE.

Box No. 32
C/o 'JWALA'
NEDUMANGAD



ശ്രീ അംബാജി

**സോപ്പ് വർക്ക്സ്**

കവലയൂർ, ആററിങ്ങൽ.

ഇവിടെ എല്ലാവിധ സോപ്പുകളും ഭംഗിയായി നിർമ്മിക്കപ്പെടുന്നു. സന്ദർശിക്കുക.

പ്രൊ: N. രമേശൻ.



**V. K. V. മെമ്മോറിയൽ A. V. ഫാർമസി**

നാവായികുളം

അനാരോഗ്യവാന്മാരായ യുവാക്കന്മാർക്കും ക്ഷയം, കാസം, വലിവു്, ധാതുക്ഷയം മുതലായവയാൽ നിരന്തരദുഃഖം അനുഭവിക്കുന്നവർക്കും അശ്രാന്തപരിശ്രമത്താൽ തയാർചെയ്ത ഞങ്ങളുടെ "കരിമന്തി" ലേഹ്യം ഏററവും ഉപയോഗപ്രദമത്രേ! പരീക്ഷിച്ചറിയുക.

ഉടമസ്ഥൻ: ചാവറകോട്ടു്, സി. കെ. പുരന്ദരൻ വൈദ്യൻ.

# നാട്ടുവർത്തമാനങ്ങൾ

തലസ്ഥാനം:—ചാലയിൽ സ്വർണ്ണാഭരണം ഗണേശ് ജൂവലറിയും രഹസ്യങ്ങളും വിശദമായി അടുത്തതിൽ. സിററി റേഷനിംഗ് ആഫീസർ അസത്യ സമർത്ഥനായ ഒരു യുവാവാണ്. ഉത്തരവാദിത്വമുള്ള സ്വർണ്ണാഭരണങ്ങളും വെള്ളി പാത്രങ്ങളും ആവശ്യമുള്ളവർ പുളിമൂട്ടിൽ T. S. S. മണി & Co-യിൽ ആവശ്യപ്പെടുക.

പേരൂർക്കട.—സ്ഥലത്തെ ഒരു മികച്ച സ്ഥാപനമാണ് നാഷണൽ ഹോട്ടൽ. വിഭവസമൃദ്ധമായ ഊണും രുചികരമായ പലഹാരങ്ങളും നാഷണൽ ഹോട്ടലിൻെറ പ്രത്യേകതയാണ്. ശ്രീ: രാഘവപ്പണിക്കർ തികച്ചും അനുമോദനാർഹനാണ്. ചന്തമുക്കിൽ യക്ഷികളുടെ സങ്കേതമാണെന്ന് വെള്ളയമ്പലം മുക്കിൽ ഒരു സംസ്സാരം.

നെടുമങ്ങാട്:—കോട്ടയത്തുനിന്നും T. C-യും വാങ്ങിക്കൊണ്ടു E H. സ്കൂളിൽ ചേരുവാൻ വന്ന ഒരു ഹരിജനവിദ്യാർത്ഥിനി അരുവിക്കരെ സന്ദർശനം നടത്തിയ രഹസ്യം മനസ്സിലായി. കച്ചേരിമുക്കിൽ അംബികാവിലാസം അംബികാവിലാസമായി തന്നെ നടക്കുന്നു. ശ്രീമാൻ അപ്പുക്കുട്ടൻപിള്ള പൊതുജനോപകാരിയാണ്. സ്വാച്ഛന്ദ്യേച്ഛനും കുഴപ്പങ്ങളും അന്വേഷണത്തിൽ. ഒരു ഹോട്ടൽമാനേജർ ഒരു കൊല്ലംകൊണ്ടു 20000-നായിരം രൂപ സമ്പാദിച്ച രഹസ്യം പരസ്യമായി വരുന്നു. കല്ലൻപാറകളിക്കുന്ന ഒരു മാണംകുലുക്കിപക്ഷിയുടെ കഥ രസാവഹമാണ്.

ആനാട്:—മി: എം. കൃഷ്ണപ്പണിക്കരുടെ റേഷൻ ഡിപ്പോയിലെ വിതരണം സത്യസന്ധതയിലും കൃത്യനിഷ്ഠയിലുംമാണ്.

ഓച്ചിറ.—തൂലും പീടിക, ആയിരംതെങ്ങ് ബോട്ട്ജട്ടിയിലേക്കുള്ള റോഡിൻെറ ദയനീയമായ നില കരുനാഗപ്പള്ളി സെക്ഷൻ ആഫീസർ ശ്രദ്ധിച്ചാൽ കൊള്ളാം. ഈ. എം. സ്കൂളിലെ ഹെഡ്മാസ്റ്റർ വർഗ്ഗീയ വാദിയാണെന്ന് നാട്ടുകാർ പറഞ്ഞു മനസ്സിലായി. പരബ്രഹ്മോദയ വൈദ്യശാല ഉടമസ്ഥൻ മി. കേശവൻവൈദ്യൻ സാധുക്കളായ രോഗികളെ സൗജന്യമായി ചികിത്സിച്ചുവരുന്നു. മി. വൈദ്യന് നല്ല ഭാവിയുണ്ടു്.

പുരാതനമായ വല്യകുളങ്ങരക്ഷേത്രം പുതുക്കിപ്പണിയുവാൻ ശ്രമിക്കുന്ന ക്ഷേത്രഭാരവാഹികൾക്കു ശ്രീ: ഭഗവതിപുണ്യവും പുരോഗതിയും പ്രദാനം ചെയ്യട്ടെ ഹെ! പ്രിയപ്പെട്ട നാട്യകലാകുശലാ ഭവാൻ ആ വൃത്തികെട്ട കുടിലിലെ നാണംകെട്ട വ്യാപാരം ഒന്നു നിർത്തിവയ്ക്കുക അതിലെന്തുരസമുണ്ടു്? പ്രീമിയർ ടാക്കീസ് മാനേജ്മെൻറിനെ പ്രശംസിക്കണം. നരകത്തിൽനിന്നും ഒളിച്ചോടിവന്ന റേഷൻ രാക്ഷസൻ ശ്രീ. രീട്ടിയിൻനിന്നും പാവങ്ങളെ രക്ഷിക്കാൻ പരബ്രഹ്മമൂർത്തി കനിഞ്ഞാൽകൊള്ളാം. അമ്പെടാ ആ വയറിൻെറ ഉയർച്ച!

തട്ടാരമ്പലം.—മാവേലിക്കരനിന്നും ഒരു യക്ഷിയുടെ അടിക്കടിയുള്ള വരവിൽ പലരും പലതും സംസാരിക്കുന്നതു മനസ്സിലായി. വിജയ്ഫാർമസി മേൽക്കുമേൽ അഭിവൃദ്ധിയിൽതന്നെ. ഒരു റേഷൻഡിപ്പോ കാര്യം അടുത്തതിൽ.

കോട്ടയം:—ടൗ: ബസ്സ്സ്റ്റാൻറിന് സമീപം സ്ഥാപിച്ചിരിക്കുന്ന ഹോട്ടൽ ഓഡിൻ നല്ല ഒരു സ്ഥാപനമാണ്. തിരുനക്കര മൈതാനത്തിൻെറ വടക്കുവശമുള്ള ഒരു യക്ഷിയുടെ ചരിത്രം അടുത്തതിൽ. ആസാദ് അഡ്വർട്ടയിസ്മെൻറ് മാതൃകപരമായ ഒരു സ്ഥാപനമാണ്. ജിയോപിക്ച്ചേഴ്സുകാരുടെ "പ്രസന്ന" മലയാളപലച്ചിത്രം തിരുവോണത്തിനുതന്നെ റിലീ


## പരബ്രഹ്മോദയ വൈദ്യശാല

ഓച്ചിറ.

**ബാലാമൃതം**

കുഞ്ഞുങ്ങൾക്കുണ്ടാകുന്ന കരപ്പൻ കണ, ചുമ, വലിവു്,വായുമുട്ടൽ, നെഞ്ചു കൂട്ടുകെട്ടുക മലബന്ധം,ശൂലജ്വരം മുതലായ പലതരം രോഗങ്ങൾക്കു പാറിയ സിദ്ധൌഷധം.

മാത്ര—7 മുതൽ 15 തുള്ളിവരെ
വില അണ 8.

എസ്. കേശവൻവൈദ്യൻ, വൈദ്യകലാനിധി.

സ് ചെയ്യുന്നതാണ്. മി. മാളേക്കൽ ചെറിയാൻെറ മേൽനോട്ടത്തിൽ നടത്തിവരുന്ന "ചന്ദ്രികയുടെ" ഷൂട്ടിംഗ് ഏതാണ്ട് തീരാറായി എന്നു അറിയുന്നു.

ആര്യനാട്:—പാർവത്യകാർ അട്ടക്കൻ രാമൻപിള്ള അതിഭയങ്കരനാണുപോലും. സബ്ബ്രജിസ്ട്രാർ ശ്രീ. കേശവൻ സാമർത്ഥ്യശാലിയായ ഒരു യുവാവാണ്. "വികടകേസരി"ക്ക് ആര്യനാട്, കുററിച്ചൽ മുതലായ സ്ഥലങ്ങളിലേക്ക് ഏജൻറന്മാരെ ആവശ്യമുണ്ട്.

പോത്തൻകോട്:—അഞ്ചൽ ഡെലിവറികാരൻ മാസികകൾ വിലാസക്കാർക്ക് കൊടുക്കുന്നില്ലെന്നുള്ള പരാതികൾ അടിക്കടി കിട്ടികൊണ്ടു ഇരിക്കുന്നു. ഡിവിഷൻ ഇൻസ്പെക്ടരുടെ സത്വരശ്രദ്ധ തെളിഞ്ഞുപതിഞ്ഞാൽകൊള്ളാം. തറട്ട ആശുപത്രികയിലെ ഡാക്ടർ സ്ത്രീകളെ ചികിത്സിക്കാൻ അതിനിപുണനാണുപോലും.

ഉള്ളൂർ:—കഴിഞ്ഞ ലക്കത്തിൽ ശ്രീ. പി. എസ്. നടരാജപിള്ളയുടെ മരുമകൻ മി. സുന്ദരത്തിനെപ്പററി ചേർത്തിരുന്ന വാർത്ത സ്വന്ത അന്വേഷണത്തിൽ അടിസ്ഥാനരഹിതമാണെന്ന് അറിയുന്നു. മേലാൽ ഇതുപോലുള്ള വാർത്തകൾ പ്രസിദ്ധീകരണത്തിനു അയച്ചുതരരുതെന്നു താക്കീതു ചെയ്തുകൊള്ളുന്നു.

"വികടകേസരി"യുടെ ചെറയഴിക്കൽ ഏജൻറായി മി. ജി. ഭാസ്കരപണിക്കരേ നിയമിച്ചിരിക്കുന്നു.

വി. കേ. പ.)

ആററിങ്ങൽ:—ഭാസ്കരാർഫോട്ടോ സ്ററുഡിയോവിലെ ജാലവിദ്യകൾ അന്വേഷണത്തിൽ. പുഷ്പവ്യാപാരം മി. ഭാർഗ്ഗവൻനായരുടെ വ്യാപാരശാലയിൽ സകലഇനം പുഷ്പങ്ങളും എപ്പോഴും കിട്ടുന്നതാണ്. അംബിക റെസ്റ്റാറൻറ് മി. ശങ്കരൻനായരുടെ നിരന്തര പരിശ്രമത്തിൽ മുന്നോട്ടുപോകുന്നതിൽ അതിശയിക്കാനില്ല. പഞ്ചസാരവിതരണം അമാന്തത്തിലാണെന്നു ഒരു പരാതിബഹളം. വിരളം ക്ഷേത്രത്തിനു സമീപമുള്ള ഒരു സരസ്വതി ആരാധകരഹസ്യം വിശദമായി അടുത്തതിൽ.

പാലോട്:—പാങ്ങോട്ട് റോഡരികിൽ ഉള്ള ഭറ'നത്തിൽ നിന്നും കുറെ സ്ഥലം അഗതികളായ പലരും കൃഷിക്കായികിട്ടണമെന്ന് ഗവ: ൻറിനോടപേക്ഷിച്ചിട്ടുണ്ട് അതിലേയ്ക്കു വേണ്ടതു കാലവിളംബമന്യേചെയ്യുന്നതും പലസാധുക്കൾക്കും രക്ഷയാകയാൽ ഗവ: ൻറിൻെറ ശ്രദ്ധ പതിയേണ്ടതാണ്.

പാങ്ങോട്—ശുചീകരണ സംഗതിക്കെങ്കിലും വില്ലേജ് യൂണിയൻെറ ദൃഷ്ടിപതിയേണ്ടതല്ലേ? ചില സ്തംഭങ്ങൾ നിവൃത്തിയിരിക്കുന്നതു് വിളക്കുവയ്ക്കുവാനല്ലങ്കിൽ അതെന്തിനാണോ? A. R. D. 125-ൽ വിതരണം തൃപ്തികരമത്രേ.

മടത്തറ.—സ്കൂളിൻെറ വിവരങ്ങൾ എഴുതിവച്ചിരുന്ന ബോർഡ്പലക എവിടാണുസാറെ? തൂണുമാത്രം മതിയോ? പലക എന്തു പിഴച്ചു? ഹെഡ്മാസ്റ്ററുടെ നയം ഒന്നു മാററുന്നതു് എന്തുകൊണ്ടും നന്ന്. കൊല്ലയാൻ സി. ഒ. നാരായണൻ വൈദ്യൻെറ വൈദ്യസേവനം ഉത്തരോത്തരം അഭിവൃദ്ധിയിൽ. പോലീസിൻെറ പിൻബലത്തോടുകൂടി "കക്ക്" ഉപദേശിയുടെ പ്രവൃത്തികളിൽ നാട്ടുകാരുടെ ക്ഷമനശിച്ചിരിക്കയാണുപോലും.

ചിതറ!—മിഡിൽ സ്കൂളിൽ ഒരു പിരിലൂസ് സാർ ഉണ്ടുപോലും. ഊറൻപാള സ്കൂളിലേക്കുമാററിയാൽ രണ്ടിനും നന്ന്. ശ്രീ നാരായണവിലാസം വൈദ്യശാല പുരോഗതിയിൽ. കിഴക്കും ഭാഗത്തു നേപ്പാറവൈദ്യരെ! സംഗതി പരസ്യമാണേ ആവർത്തിക്കാതിരുന്നാൽ കൊള്ളാം എന്നും പകിട പന്ത്രണ്ടല്ലെന്നറിയണം. കുളത്തൂർ പുഴക്കട്ടെത്തതായതുകൊണ്ടായിരിക്കുമോ തുമ്പമൺതൊടി റഹീഷാപ്പിൽ മിഥുനം 24-ാനു-ലെ സംഭവം തേഞ്ഞുമാഞ്ഞുപോകുന്നതു്?

കടക്കൽ—പോലീസ് സ്റ്റേഷൻെറ ആവിർഭാവത്തിൽ പല അഴിമതികളും മദ്യവികൃതികളും മററും കുറഞ്ഞിട്ടുണ്ട്. ഇതേവിധം തുടർന്നുപോകുന്നതു നന്നായിരിക്കും. വഴിപിണക്കികൾക്കു ഐ. പി. വിധേയനായേക്കരുതേ. ഹൈസ്കൂൾ അനുവദിച്ചു കിട്ടിയതു് ഒരനുഗ്രഹമത്രേ. തട്ടാമല സാറിൻെറ ഔദാര്യം ഇക്കാര്യത്തിൽ സ്തുത്യർഹമത്രേ. സ്പെഷ്യൽ അക്കൗണ്ടർ അതി സമർത്ഥൻതന്നെ ഒരു കൃഷിക്കാരൻെറ സംഗതി വിളവെടുപ്പിനു ശേഷമാകട്ടെ.

കല്ലറ:—മിതൃമ്മല ഹൈസ്കൂൾ അനുവദിച്ചുകിട്ടിയതുകൊണ്ടു മാത്രമായില്ല. കെട്ടിവയ്ക്കേണ്ട സംഖ്യക്കുവേണ്ടി നാട്ടുകാരുടെ ഉദാരതയിലാണ് വിജയം സ്ഥിതിചെയ്യുന്നതു്. അതിലേക്കു നാട്ടുകാരുടെ ശ്രദ്ധയെ ക്ഷണിക്കുന്നു. സാറിൻെറ നോട്ടനല്ലതാണോ?.

നിലമേൽ;—പലരും കൈവിടുന്ന രോഗികളെ സൗജന്യമായി ചികിത്സിച്ചു ഭേദപ്പെടുത്തിവരുന്ന ഉണ്ണിത്താനദ്ദേഹത്തിൻെറ ഔദാര്യമനോഭാവവും ചികിത്സാ നൈപുണ്യവും നിസ്തുല്യമത്രെ. ഈയിടെ സർവരാലും ഉപേക്ഷിക്കപ്പെട്ട വക്കലെക്കാരൻ ഒരു യുവാവിൻെറ സർവാംഗംവിറയൽ രോഗം ഒരുദിവസംകൊണ്ടു ഇദ്ദേഹം ഭേദമാക്കിയയച്ച വിവരം പ്രത്യേകം പ്രസ്താവ്യമത്രേ.

വെഞ്ഞാറമൂട്:—മതിലിടിച്ച വണ്ടിക്കാരനിൽ നിന്നും വാങ്ങിയ പണം വിഴുങ്ങിയതു് ഉചിതമല്ല? പാലീസൻഭാവത്തോടുകൂടി നടക്കുന്ന ചൂതുകളി വ. ളരെ അഭിവൃദ്ധിയിൽ വരുന്നുണ്ടു്.

നാവായിക്കുളം:—ശ്രീ: പുരന്ദരൻ വൈദ്യൻെറ ചികിത്സാപാടവം രോഗികൾക്കു് അനുഗ്രഹംതന്നെ.

കല്ലംപലം:—പുല്ലൂർമുക്കിൽ ദേശീയഗ്രന്ഥശാല ഉത്തരോത്തരം അഭിവൃദ്ധിയിൽ.

പാരപ്പള്ളി:—ഷൺമുഖവിലാസം നായർഹോട്ടൽ ശുചിക്കും രുചിക്കും മെച്ചം.

അഞ്ചുതെങ്ങ്.—പഴയ കണ്ണാടിമാസ്റ്റർ ഇപ്പോൾ മൊണ്ടിക്കുതിരപ്പുറത്തുകയറി "വാറോല" സഞ്ചാരം നടത്തുന്ന കാര്യം അന്വേഷിച്ചുടുത്തതിൽ.

## ധന്വന്തരി വൈദ്യശാല, തൊടുപുഴ. H. O. തൊടുപുഴ

ബ്രാഞ്ചുകൾ:—വാഴക്കുളം, പാല, എറണാകുളം, കോട്ടയം, വൈക്കം, പൂഞ്ഞാർ, തിരുവനന്തപുരം, തൃപ്പൂണിത്തുറ, പെരുമ്പാവൂർ, കോതമംഗലം, മൂവാററുപുഴ, നാഗർകോവിൽ, കാഞ്ഞാർ, ചങ്ങനാശേരി, ആലപ്പുഴ, കൊല്ലം, ആലുവാ, പറവൂർ, പൊൻകുന്നം, തിരുവല്ലാ, തൃശ്ശൂർ, കോഴിക്കോട്, ചേർത്തല, മുണ്ടക്കയം, ഈരാററുപേട്ട, കുത്താട്ടുകുളം, പിറവം മാവേലിക്കര, കായംകുളം, കൊട്ടാരക്കര, ആററിങ്ങൽ, നെയ്യാററിൻകര, മദ്രാസ്, കൊച്ചി, ഇടപ്പള്ളി, പന്തളം, തക്കല, പുനലൂർ, കിളിമാനൂർ, നെടുമങ്ങാട്.

### ച്യവനപ്രാശം ലേഹ്യം റാത്തൽ 1-ന് 3 രൂപ.

ക്ഷീണശരീരങ്ങൾക്കു ബലം, ആരോഗ്യം ഇവകളെ വർദ്ധിപ്പിക്കുവാൻ വളരെ വിശേഷം. കാസം, ശ്വാസം, ജ്വരം, ഹൃദ്രോഗം, മൂത്രരോഗം ശുക്ലദോഷം. ഒച്ചയടപ്പ്, രക്തവാദം, ഇവകളെ നശിപ്പിക്കുകയും, ശരീരകാന്തി, ബുദ്ധിശക്തി, ഓർമ്മശക്തി ഇവകളെ ഉണ്ടാക്കുകയും ചെയ്യും. ഒരുരൂപാ തൂക്കംമുതൽ രണ്ടുരൂപാ തൂക്കംവരെ ഉപയോഗിക്കാം.

കൂടാതെ ഏററവും നിഷ്കർഷയിലും സൂക്ഷ്മതയോടും തയാർ ചെയ്തിട്ടുള്ള പ്രധാനപ്പെട്ട എല്ലാ ആയുർവ്വേദ ഔഷധങ്ങളും എപ്പോഴും തയ്യാറുണ്ട്.

കൂടുതൽ വിവരം അറിയണമെന്നാഗ്രഹിക്കുന്നവർ ഔഷധവിവരപട്ടികയ്ക്കു മുകളിൽ കാണുന്ന വിലാസത്തിലെഴുതുക.

## താമരമാർക്ക് തീപ്പെട്ടികൾ

അല്പകാലംകൊണ്ടു് പൊതുജനങ്ങളുടെ സമ്മതി വേണ്ടുവോളം ആർജ്ജിച്ചിരിക്കുന്ന ഞങ്ങളുടെ താമരമാർക്ക് തീപ്പെട്ടി, മഴക്കാലത്തു് മററു് ഏതു തീപ്പെട്ടിയേയും പിന്നോക്കംവെപ്പിക്കും എന്നുള്ള ഉത്തരവാദിത്തത്തോടും ശരിയായ കമ്മീഷനോടുംകൂടി വ്യാപാരികൾക്കു വിററുവരുന്നു.

വിശദവിവരങ്ങൾക്കു് ഉടൻ എഴുതുക;—

സോൾഡിസ്ട്രിബ്യൂട്ടർ

ജി. ഗോപിനാഥപിള്ള ജനറൽ മർച്ചൻറ്, കൊല്ലം.

## വിശ്വവിലാസ് ഫാർമസി

### പോത്തൻകോട് A. O.

വിദഗ്ദ്ധമായ മേൽനോട്ടത്തിൽ, ശാസ്ത്രരീത്യാ, തയാർ ചെയ്തിട്ടുള്ള എല്ലാവിധ ഔഷധങ്ങളും പരിമിതമായ വിലയ്ക്കു ഇവിടെ കിട്ടുന്നതാണു്.

**N. B.** കുഞ്ഞുങ്ങൾക്കുണ്ടാകുന്ന എല്ലാ രോഗങ്ങളേയും നിശ്ശേഷം മാററി—അവരുടെ ആരോഗ്യം സംരക്ഷിക്കുവാൻ—ഞങ്ങളുടെ "ബാലാമൃതം" ഉപയോഗിക്കുക—

വില കുപ്പി 1-ക്കു് 12 ണ.

പ്രൊ: എൻ. വിശ്വംഭരൻ വൈദ്യൻ,

SWALLOW
TRADE MARK
BRAND

BROWN WINDSOR
TROM
SOAP.

## സ്വാളോബ്രാൻറ സോപ്പുകൾ

ബാർ—ടിൻ—ക്യൂബ് മുതലായവ

പല സൈസിലും കിട്ടുന്നതാണ്.

സ്വാളോബ്രാൻറ ബ്രൗൺവിൻസർ ഇതു പുതിയ കണ്ടുപിടുത്തം അനുസരിച്ച് സഹായ വിലക്ക് ലഭിക്കുന്നതിന് ആകർഷകമായ സൈസിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ്.

ഇതിൻെറ പ്രത്യേകത

ആകർഷകമായ നിറം—

ഹൃദ്യമായ വാസന.

ട്രാവൻകൂർ ഓയിൽമിൽസ്

ആലപ്പുഴ.

# റീഗൽകഫേ

ഫോൺ 287 — പാളയം, തിരുവനന്തപുരം.

താമസത്തിനു വേണ്ട സകല സജ്ജീകരണങ്ങളും; യൂറോപ്യൻ രീതിയിലും; ഇൻഡ്യൻ രീതിയിലുമുള്ള എല്ലാവിധ ഭക്ഷണങ്ങളും എപ്പോഴും തയ്യാറുള്ളതുമാകുന്നു.

**Prop:** പി. വേലായുധൻ

# വിജയമോഹൻപ്രസ്സ്

നെടുമങ്ങാട്

VIJAYA MOHAN PRESS
NEDUMANGAD

ഞങ്ങളുടെ മുദ്രാലയത്തിൽ ഇംഗ്ലീഷ്, മലയാളം തമിഴ് എന്നീ ഭാഷകളിലുള്ള എല്ലാത്തരം അച്ചടിവേലകളും ബുക്ക് ബയന്റിംഗ് മുതലായവയും മിതമായ ചാർജ്ജിൽ ചെയ്തു കൊടുക്കുവാൻ എപ്പോഴും തയ്യാറാണ്.

മാനേജർ.

തിരുവനന്തപുരം പി. കെ. മെമ്മോറിയൽ പ്രസ്സിൽ അച്ചടിപ്പിച്ച് ആർ. കൃഷ്ണൻനായർ ആററിങ്ങൽനിന്നും പ്രസിദ്ധപ്പെടുത്തുന്നത്.